I ഇ.ബി.XIII –കേരള നിയമസഭ/X—13

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 30, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**അടിയന്തര പ്രമേയം**

**യുവാക്കളുടെ ആത്മഹത്യ**

മി.സ്പീക്കർ: വധശ്രമം ആരോപിച്ച് പോലീസ് കള്ളക്കേസ് എടുത്തതിന്റെ മനോവിഷമത്തിൽ തിരുവനന്തപുരം കഴക്കൂട്ടം സ്റ്റേഷൻ കടവിൽ രണ്ട് യുവാക്കളെ ട്രെയിനിനുമുമ്പിൽ തലവച്ച് ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയതിനെ ത്തുടർന്ന് മരണപ്പെട്ട യുവാക്കളുടെ ബന്ധുക്കളും ജനങ്ങളുമാകെ ആശങ്കയിലായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു,

കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തുമ്പ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള പുതുവൻ പുത്തൻവീട്ടിൽ വിനയന്റെ മകൻ ജിതിനെ 19-1-2014 രാത്രി കുളത്തൂർ ഹൈസ്കൂളിന് സമീപം വച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും സ്വർണ്ണമാലയും മൊബൈൽ ഫോണും പിടിച്ചുപറിക്കുകയും ചെയ്തുവെന്ന് കാണിച്ച് കുളത്തൂർ സ്കൂളിന് സമീപം താമസിക്കുന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ മച്ചാൻ എന്ന ശ്രീജിത്, കുളത്തൂർ എസ്.എൻ. നഗറിൽ മണക്കാട്ടിൽ വീട്ടിൽ കണ്ണൻ എന്ന നിധീഷ് എന്നിവരുടെ പേരിൽ 20-1-2014-ന് തുമ്പ പോലീസിൽ പരാതി ലഭിച്ചിരുന്നു. ഈ കേസിൽ ശ്രീജിത്, നിധീഷ്, അവരുടെ സുഹൃത്തുക്കൾ തുടങ്ങി അഞ്ചുപേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്ത് മെഡിക്കൽ കോളേജ് പോലീസ് അന്വേഷണം നടത്തിവരുന്നു. ഈ സംഭവത്തിനുശേഷം ശ്രീജിത്തും നിധീഷും ഒളിവിൽ കഴിഞ്ഞുവരവെയാണ് 29-1-2014-ന് അവരുടെ മൃതദേഹങ്ങൾ റെയിൽവേ ട്രാക്കിൽ കാണപ്പെട്ടത്. ജിതിന്റെ ബന്ധുക്കൾ മരണപ്പെട്ട ശ്രീജിത്തിന്റെ വീട്ടിൽച്ചെന്ന് പണം ആവശ്യപ്പെട്ട് ഭീഷണിപ്പെടുത്തിയെന്ന് ആരോപണമുണ്ട്. എന്നാൽ അത് സംബന്ധിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ല. മേൽപ്പറഞ്ഞ സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്താൻ സ്പെഷ്യൽ

ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: ശ്രീജിത്തും നിധീഷും ജോലി കഴിഞ്ഞുപോകുമ്പോൾ സുഹൃത്തും അയൽവാസിയുമായ യൂത്ത് കോൺഗ്രസിന്റെ യൂണിറ്റ് കമ്മിറ്റി പ്രസിഡണ്ട് ജിതിനുമായി തർക്കമുണ്ടാകുകയും അതിന്റെ ഭാഗമായി ചില അസ്വാരസ്യങ്ങളുണ്ടാവുകയും ചെയ്തു. ജിതിൻ അതൊരു രാഷ്ട്രീയ പ്രശ്നമാക്കി യൂത്ത് കോൺഗ്രസിന്റെ മാർച്ച് തടയാൻ ശ്രമിച്ചു എന്ന് കള്ളക്കേസാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ശ്രീജിത്തിനെയും നിധീഷിനെയും പോലീസ് നിരന്തരമായി വേട്ടയാടുകയും ചെയ്തു. പോലീസിനെ പേടിച്ച് ഒളിവിൽ കഴിയുകയായിരുന്ന ഇവരുടെ വീടുകളിൽ ചെന്ന് മൂന്ന് ലക്ഷം രൂപ കൊടുത്താൽ മാത്രമേ കേസിൽനിന്ന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ അല്ലെങ്കിൽ വധശ്രമത്തിന് കേസെടുക്കുമെന്ന് ജിതിനും കൂട്ടുകാരും ഭീഷണിപ്പെടുത്തി. മുൻകൂർ ജാമ്യം നേടാൻ പണമില്ലാത്ത സാഹചര്യത്തിൽ ചെയ്യാത്ത കുറ്റത്തിന് ജയിലിൽ പോകേണ്ടിവരുമെന്നുള്ള ഭീതികൊണ്ടാണ് ഈ ചെറുപ്പക്കാർ ആത്മഹത്യ ചെയ്തത്. ഈ ചെറുപ്പക്കാരുടെ മരണത്തിന് കാരണക്കാരായ ആളുകളുടെ പേരിൽ ശക്തമായ നിലപാട് സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): രണ്ട്

ചെറുപ്പക്കാർ ആത്മഹത്യ ചെയ്ത സംഭവം വേദനാജനകമാണ്. ജിതിൻ നൽകിയ പരാതി പോലീസ് സ്വീകരിച്ചു. പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചാൽ കേസ് രജിസ്റ്റർ ചെയ്യുന്നത് സ്വാഭാവികമാണ്. പരാതിയുടെ അടിസ്ഥാനത്തിൽ ആരെയും കസ്റ്റഡിയിലെടുക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ റിപ്പോർട്ട് കിട്ടിയശേഷം കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി.എസ്. അച്യുതാനന്ദന്</u>): ഇന്ന് കേരളത്തിൽ പോലീസും യൂത്ത്കോൺഗ്രസ്സും ചേർന്ന് ജനങ്ങളെ ഭീഷണിപ്പെടുത്തി പണം പിരിക്കുന്നതിനും കള്ളക്കേസെടുക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ട്രെയിനിന്റെ മുന്നിൽ തലവച്ച് മരിച്ച ചെറുപ്പക്കാരൻ എഴുതിവച്ചിരുന്ന കുറിപ്പ് നോക്കിയാൽ ചെയ്യാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുന്ന സ്ഥിതിയാണെന്ന് മനസ്സിലാക്കാൻ കഴിയും. ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പ് സമഗ്രമായ അന്വേഷണം നടത്തി വിശദീകരണം നൽകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ഇവിടെ അവതരിപ്പിക്കപ്പെട്ട കാര്യങ്ങളുടെ ഗൗരവം സർക്കാർ പൂർണ്ണമായി

ഉൾക്കൊണ്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നിഷ്പക്ഷവും നീതിപൂർവ്വവുമായ ഒരു അന്വേഷണം നടത്താൻ സ്പെഷ്യൽ ഇൻവേസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്; സത്യസന്ധമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ശ്രദ്ധ ക്ഷണിക്കൽ

### (1) പദ്ധതി നിർവ്വഹണ വിഹിതം നഷ്ടപ്പെടുന്നത് തടയേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.ബി. ഗണേഷ് കുമാര്: ഖജനാവിലെ പണം വിനിയോഗിച്ച് നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്കായി പൊതുമേഖലാ സ്ഥാപനങ്ങളെ മധ്യവർത്തികളാക്കി നിയോഗിക്കുന്നതിലൂടെ വലിയ വെട്ടിപ്പ് നടക്കുകയും പദ്ധതി നിർവ്വഹണ വിഹിതത്തിന്റെ നല്ലൊരു ശതമാനം തുക നഷ്ടപ്പെടുകയും ചെയ്യുന്നു. പട്ടികജാതി/പട്ടികവർഗ്ഗ കോളനികള്, സ്കൂൾ കെട്ടിടങ്ങള്, റോഡുകൾ മുതലായ പ്രവൃത്തികൾക്ക് അനുവദിക്കുന്ന തുകയിൽനിന്ന് ഇരുപത് ശതമാനത്തോളം തുക കൺസൾട്ടൻസികൾ കൊണ്ടുപോകുകയാണ്. അടിയന്തര ഘട്ടങ്ങളിൽ ടെണ്ടർ വിളിക്കാതെ പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച് ഒരു വിജിലൻസ് അന്വേഷണം നടത്തേണ്ടത് ആവശ്യമാണ്. ഗവൺമെന്റിൽനിന്നും ഇത്തരം

സ്ഥാപനങ്ങൾ ലക്ഷക്കണക്കിന് രൂപ അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റുകയും സമയബന്ധിതമായി പണി പൂർത്തിയാക്കാതിരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് ഓഡിറ്റിംഗ് നടത്തുകയും വർക്കുകളിൽ എത്ര രൂപ കമ്മീഷൻ കൈപ്പറ്റുന്നു എന്ന് കണ്ടുപിടിക്കുന്നതിനും കൺസൾട്ടൻസികളെ നിയന്ത്രിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി ഒരു എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം.

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കാലതാമസം കൂടാതെ പ്രവൃത്തി പൂർത്തിയാക്കുന്നതിനും കോൺട്രാക്ടർമാർ അധികരിച്ച തോതിലുള്ള നിരക്കുകൾ ക്വാട്ട് ചെയ്യുന്നത് ഒഴിവാക്കുന്നതിനുംവേണ്ടിയാണ് ചില പൊതുമേഖലാ സ്ഥാപനങ്ങൾ രൂപീകരിച്ചത്. വകുപ്പിന്റെ പരിമിതികൾമൂലം കാലതാമസം നേരിടുന്ന പ്രവൃത്തികളും പദ്ധതികളുമാണ് ഈ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്നത്. ഗവൺമെന്റ് ഇതിനുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുപ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് നിലവിലുള്ള എസ്.ഒ.ആര്. പ്രകാരം കോസ്റ്റ് ഓഫ് ലാസ്റ്റ്, ടെണ്ടർ എക്സസ് എന്നിവ ഒഴിവാക്കിയിട്ടുള്ളതായിരിക്കണം.

ടെണ്ടർ ഒഴിവാക്കിയിട്ടുള്ളവയ്ക്ക് കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് അനുവദനീയമല്ല. സാങ്കേതിക അനുമതി പ്രസ്തുത ഏജൻസികൾക്ക് തന്നെ നൽകാവുന്നതാണെങ്കിലും ഭരണാനുമതിക്ക് പതിനഞ്ച് ശതമാനത്തിന് മുകളിലാകാൻ പാടില്ല. ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് പ്രസ്തുത ഏജൻസികൾക്ക് നിലവിലുള്ള അധികാരപരിധി ഉപയോഗിക്കാവുന്നതാണ്. 2009-12 കാലയളവിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിവരുന്ന ഇത്തരം പ്രവൃത്തികളെ സംബന്ധിച്ച് വന്ന ആക്ഷേപങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതും വേണ്ടിവന്നാൽ കൂടുതൽ കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതുമാണ്. ടെണ്ടർ ചെയ്യാതെ പ്രവൃത്തികൾ ഏറ്റെടുത്ത് കമ്മീഷൻ പറ്റുന്ന സ്ഥാപനങ്ങളുണ്ടെങ്കിൽ അവയെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാര്) : പട്ടികജാതി വകുപ്പിൽ നിർമ്മിതി കേന്ദ്രം നടപ്പാക്കിയ പദ്ധതികളിൽ ആക്ഷേപം വന്നതിനെത്തുടർന്ന് ഉപഭോക്താക്കൾക്ക് നേരിട്ട് ധനസഹായം കൊടുക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. എന്നാൽ ഈ വകുപ്പിൽ നടപ്പാക്കിയ പുതിയ നയത്തിന്റെ ഭാഗമായി സെലക്ട് ചെയ്ത നൂറ് കോളനികളിലെ പദ്ധതി നടത്തിപ്പിനായി

ഏജൻസികളെ തെരഞ്ഞെടുക്കുന്ന തിനുള്ള അധികാരം എം.എല്.എ.-മാർക്ക് നൽകിയിരുന്നു. ഇക്കാര്യത്തിൽ വന്നിട്ടുള്ള അപാകത പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് സർക്കാർ ആലോചിക്കുന്നതാണ്.

## (2) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

ശ്രീ. കെ. രാജു : സാമ്പത്തിക പ്രതിസന്ധിമൂലം കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയാണ്. റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങി ക്ഷേമനിധി ബോർഡിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാനാവാത്ത സാഹചര്യത്തിൽ തൊഴിലാളികളുടെ വിഹിതത്തിനൊപ്പം സർക്കാരിന്റെ വിഹിതവും ബോർഡിന് അർഹതപ്പെട്ട മാച്ചിംഗ് ഗ്രാന്റും നൽകുന്നതിന് നടപടി സ്വീകരിക്കണം. ബോർഡിന്റെ വരുമാന മാർഗ്ഗമായ ഭൂ ഉടമാ വിഹിതം കൃത്യമായി പിരിച്ചെടുക്കുകയും പിരിച്ചെടുക്കുന്ന തുക ബോർഡിൽ അടയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ഇത് സംബന്ധിച്ച സ്റ്റേറ്റുമെന്റിന്റെ കോപ്പി ബോർഡിന് നൽകുകയും ചെയ്യണം. തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കുന്നതിനും കൃഷിഭൂമി കൈമാറ്റം ചെയ്യുമ്പോൾ അതിലൊരു വിഹിതം ബോർഡിന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോണ്) :

സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് ഫെബ്രുവരി ആറാം തീയതി ചേരുന്ന സെൻട്രൽ ട്രേഡ് യൂണിയനുകളുടെ യോഗത്തിൽ ചർച്ച ചെയ്യുന്നതും പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടികൾ ആരായുന്നതുമാണ്. ഭ്ര ഉടമാവിഹിതം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഫെബ്രുവരി മാസത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേരുന്ന യോഗത്തിൽ കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളും തൊഴിലാളികൾക്ക് ആനുകല്യങ്ങൾ ലഭ്യമാക്കുന്നതും സംബന്ധിച്ച് ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ക്ഷേമനിധി ബോർഡുകളിൽ സെസ്സ് ഏർപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

**<u>സബ്മിഷൻ</u>**

### (1) <u>ഓപ്പൺ സ്കൂൾ അദ്ധ്യാപകരെ പിരിച്ചുവിട്ട സംഭവം</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : ഓപ്പൺ സ്കൂളിൽനിന്നും പിരിച്ചുവിട്ട അദ്ധ്യാപകരെ തിരിച്ചെടുത്ത് സ്ഥിരപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്):</u> കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ കരാർ കാലാവധി അവസാനിച്ചതിനെ ത്തുടർന്ന് കരാർ അവസാനിപ്പിച്ചുകൊണ്ട് ഓപ്പൺ സ്കൂൾ ഡയറക്ടർ ഉത്തരവ്

പുറപ്പെടുവിക്കുകയുണ്ടായി. നിലവിലെ കരാർ കാലാവധി അവസാനിക്കുന്നതിനു മുമ്പുതന്നെ ജീവനക്കാർ കരാർ നീട്ടിക്കിട്ടുന്നതിന് ഹൈക്കോടതിയെ സമീപിച്ചെങ്കിലും ജോലിയിൽ തുടരാൻ നിയമപരമായ അവകാശമില്ലെന്നും ഇത്തരം സ്ഥാപനങ്ങളിലെ മുൻപരിചയമുള്ള ജീവനക്കാരിൽനിന്നും വീണ്ടും അപേക്ഷകൾ ക്ഷണിച്ച് താൽക്കാലിക നിയമനങ്ങൾ നടത്താമെന്നും ഹൈക്കോടതി വിധിക്കുകയുണ്ടായി. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ കാലാവധി അവസാനിച്ച പതിമൂന്ന് പേർ പുതുതായി അപേക്ഷകൾ സമർപ്പിക്കുകയും ബാക്കിയുള്ളവർ സമരം നടത്തിവരികയുമാണ്. അറുപത്തിയഞ്ച് തസ്തികകൾക്കുള്ള വിജ്ഞാപനപ്രകാരം മുപ്പത്തിയൊമ്പതുപേരെ നിയമിച്ചു. ബാക്കിയുള്ളവരെ നിയമിക്കാനായി വീണ്ടുമൊരു വിജ്ഞാപനം നൽകിയതനുസരിച്ച് സമരം ചെയ്തുവരുന്ന ജീവനക്കാർ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത നിയമനത്തിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയുമാണ്.

## (2) <u>അബ്ദുൾ നാസർ മഅദ്നിക്കെതിരെയുള്ള വിചാരണ</u>

<u>ശ്രീ. ജി. സുധാകരൻ:</u> കർണ്ണാടക ജയിലിൽ കഴിയുന്ന അബ്ദുൾ നാസർ മഅദ്നിക്കെതിരെയുള്ള വിചാരണ പൂർത്തിയാക്കുന്നതിനും വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കർണ്ണാടക ജയിലിൽ വിചാരണത്തടവുകാരനായി കഴിയുന്ന അബ്ദുൾ നാസർ മഅദ്നിക്ക് നൽകിയ വിദഗ്ദ്ധ ചികിത്സയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് കർണ്ണാടക സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ ഫലമായി ലഭിച്ച വൈദ്യ പരിശോധനാ റിപ്പോർട്ട് സംസ്ഥാന സർക്കാരിന്റെ അഞ്ചംഗ മെഡിക്കൽ ബോർഡ് പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ട്. മഅദ്നിയുടെ മോചനത്തിന് തീരുമാനമെടുക്കേണ്ടത് ബന്ധപ്പെട്ട നീതിന്യായ കോടതിയായതിനാൽ ഇക്കാര്യത്തിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. അദ്ദേഹത്തിന് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കർണ്ണാടക സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ജാമ്യം അനുവദിക്കുകയാണെങ്കിൽ ടിയാനെ വിചാരണക്കോടതിയിൽ ഹാജരാക്കാനാവശ്യമായ സുരക്ഷാ സംവിധാനങ്ങളൊരുക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന് സുപ്രീം കോടതിയെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

### (3) **സുമേഷിന്റെ കുടുംബത്തിന് ധനസഹായം**

ശ്രീ. എ. എ. അസീസ് : പോലീസിനെക്കണ്ട് ഭയന്നോടി കായലിൽവീണ് മരിച്ച മയ്യനാട് സ്വദേശി സുമേഷിന്റെ കുടുംബത്തിന് ധനസഹായം നൽകാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : മയ്യനാട് സ്വദേശി സുമേഷിനെ 18-1-2014 രാത്രി 8.30 മുതൽ കാണാനില്ലെന്ന ബന്ധുക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഇരവിപുരം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ സുമേഷ്, സുഹൃത്തുക്കളായ സാദിഖ്, അഭി എന്നിവരോടൊപ്പം സാദിഖിന്റെ മോട്ടോർ സൈക്കിളിൽ 18-1-2014-ന് രാത്രി 8.30 മണിയോടെ യാത്ര ചെയ്തുവരവെ താന്നി ജംഗ്ഷനിൽവച്ച് പോലീസ് ജീപ്പ് കണ്ട് ഭയന്ന് സുമേഷ് താന്നി കായലിൽ ചാടിയതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തെരച്ചിലിൽ 19-1-2014-ന് ഉച്ചയ്ക്ക് 2.00 മണിയോടെ സുമേഷിന്റെ മൃതദേഹം കണ്ടെടുത്തു. മരണകാരണം ഡ്രൗണിംഗ് എന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. ഇരവിപുരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പുതുതായി പണിത താന്നി പാലത്തിനുസമീപം സ്ഥിരമായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭാഗത്ത് പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയത്. മരിച്ച സുമേഷും കൂടെയുണ്ടായിരുന്ന കൂട്ടുകാരും 17-9-2003-ൽ താന്നി റോഡിൽവച്ച് കാറിൽവന്ന കുടുംബത്തെ തടഞ്ഞുനിർത്തി ആക്രമിച്ചുവെന്ന ഒരു കേസ് ഇരവിപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിന്റെ വിചാരണ നടന്നുവരികയാണ്.

(4) **<u>റോഡുകളുടെ പുനരുദ്ധാരണം</u>**

<u>ശ്രീ. തോമസ് ചാണ്ടി</u> : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ പുനരുദ്ധാരണം പി.ഡബ്ല്യൂ.ഡി.-യെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി</u>) : കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 181 അനുസരിച്ച് പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയ ആസ്തിയുടെ പൂർണ്ണ നിയന്ത്രണവും മേൽനോട്ടവും അതാത് പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ആസ്തി വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത് ബന്ധപ്പെട്ട പഞ്ചായത്തുകളാണ്. ഇതിനുള്ള ചെലവുകൾ കണ്ടെത്തുന്നതിന് മേൽപ്പറഞ്ഞ ശീർഷകത്തിൽനിന്ന് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർക്ക് തുക പിൻവലിക്കാൻ കഴിയാത്ത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പി.ഡബ്ല്യൂ.ഡി.-യെ ഏൽപ്പിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിന് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത പ്രവൃത്തികൾമാത്രം പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി പി.ഡബ്ല്യൂ.ഡി. മുഖേന ഡെപ്പോസിറ്റ് വർക്കായി നടത്തുന്നതിന് അനുമതി

നൽകുന്നതാണ്.

## (5) <u>**അഗതി മന്ദിരങ്ങളിൽലെ ഭക്ഷ്യധാന്യ വിതരണം**</u>

<u>ശ്രീ. ആര്. സെൽവരാജ്</u>: സർക്കാർ അഗതിമന്ദിരങ്ങളിലെ അന്തേവാസികൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷ്യവസ്തുക്കൾ കൃത്യമായി വിതരണം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>) : സംസ്ഥാനത്തെ അഗതിമന്ദിരങ്ങൾക്ക് ഒരു രൂപ നിരക്കിൽ 7 കിലോ അരിയും 2 രൂപ നിരക്കിൽ 3 കിലോ ഗോതമ്പും വിതരണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ഷേമ സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുള്ള അലോട്ട്മെന്റ് കുറഞ്ഞ സാഹചര്യത്തിൽ ഒരു രൂപ നിരക്കിൽ 5 കിലോ അരിയും 2 രൂപ നിരക്കിൽ 2 കിലോ ഗോതമ്പും വിതരണം ചെയ്യുന്നതിന് മതിയാകാതെ വരുകയാണെങ്കിൽ ബി.പി.എല്. വിഹിതത്തിലെ നീക്കിയിരുപ്പിൽനിന്നും എടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വെൽഫെയർ പെർമിറ്റുകൾക്കുള്ള ഭക്ഷ്യധാന്യ വിതരണം നേരിൽ കണ്ട് ബോധ്യപ്പെടണമെന്ന് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വെൽഫെയർ അലോട്ട്മെന്റ് പുന:സ്ഥാപിച്ചു നൽകാൻ കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

(6) **<u>ഗവൺമെന്റ് ഐ.ടി.ഐ.</u>**

<u>ശ്രീ. സി. മോയിൻകുട്ടി</u> : തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് അത്തിപ്പാറയിലെ പുറമ്പോക്ക് സ്ഥലം ലഭ്യമാക്കുന്നതിനും പുതിയ കോഴ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>) : തിരുവമ്പാടിയിൽ ആരംഭിച്ച ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കാനുള്ള യാതൊരു നടപടിയും പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. സ്ഥലസൗകര്യമില്ലാത്ത ഐ.ടി.ഐ.-കളിൽ ഈ വർഷം മുതൽ പ്രവേശനം അനുവദിക്കുന്നതല്ല എന്നാണ് സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട്. അത്തിപ്പാറയിലെ സ്ഥലത്തിന്റെ കാര്യത്തിൽ തീർച്ചയായും ഇടപെടാം. നിലവിലെ പരിമിതമായ സൗകര്യങ്ങളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ സാധിക്കില്ല.

(7) **<u>പുതുതായി രൂപീകരിച്ച താലൂക്കുകളിൽ ജോയിന്റ് ആർ.ടി. ഓഫീസുകൾ</u>**

<u>ശ്രീ. സണ്ണി ജോസഫ്</u>: സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 താലൂക്കുകളിൽ വിസ്തൃതി, ജനസംഖ്യ എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജോയിന്റ് ആർ.ടി. ഓഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സ്സും സിനിമയും വകുപ്പമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച ഒമ്പത് താലൂക്കുകളിലും പിറവം, ചടയമംഗലം, ചാത്തന്നൂർ, തൃക്കരിപ്പൂർ എന്നിവിടങ്ങളിലും സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഗതാഗത കമ്മീഷണർ നൽകിയിട്ടുണ്ട്. ആർ. ടി. ഓഫീസിന്റെ പ്രവർത്തനത്തിന് ഒരു ഓഫീസിൽ 22 തസ്തിക വീതം സൃഷ്ടിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് അടുത്ത വർഷം ആർ.ടി. ഓഫീസുകൾ ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(8) **ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം**

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: കല്ലറ-നന്ദിയോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാനും ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം നൽകാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിക്കാനും നടപടിയുണ്ടാകണം.

റവന്യൂവും കയറും വകുപ്പമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണത്തിനായി തിരുവനന്തപുരം ജില്ലയിലെ പാലോട്, കല്ലറ വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുകയും ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂ ഉടമകളുമായി ചർച്ചകൾ നടത്തി സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ

അംഗീകാരത്തിന് സമർപ്പിച്ച ശുപാർശകളിന്മേൽ പാലത്തിന്റേയും അപ്രോച്ച് റോഡിന്റെയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കാൻ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(9) **ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ്**

ശ്രീ. വി. പി. സജീന്ദ്രൻ: കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിലുള്ള ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിൽനിന്നും വമിക്കുന്ന ദുർഗന്ധംമൂലം പരിസരവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കാനും ബദൽ സംവിധാനം ഏർപ്പെടുത്താനും ഗവൺമെന്റ് നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): കൊച്ചി നഗരസഭയുടെ അധീനതയിലുള്ള ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ ജൈവ മാലിന്യങ്ങൾ അതാത് ദിവസം തന്നെ സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ പ്ലാന്റിന്റെ ഒരു വശത്ത് കൂട്ടിയിട്ടിരിക്കുകയുമാണ്. ജൈവമാലിന്യത്തിൽനിന്നുള്ള ദുർഗന്ധം ഒഴിവാക്കുന്നതിന് ജൈവലായനി തളിക്കുകയും വൈകിട്ട് അഞ്ച് മണിക്കുശേഷം പ്ലാന്റിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയുമാണ്. പ്ലാന്റിനുചുറ്റും പച്ചക്കൃഷി ചെയ്യുകയും പൂന്തോട്ടം

ഉണ്ടാക്കുകയും ഗ്രീൻ ബെൽറ്റ് നിർമ്മിച്ചിക്കൊണ്ടിരിക്കുകയുമാണ്. വിഷയ വിദഗ്ദ്ധ കമ്മിറ്റിയുടെ അഭിപ്രായം പരിഗണിച്ച് ദുർഗന്ധം ഒഴിവാക്കി പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി നഗരസഭ അറിയിച്ചിട്ടുണ്ട്. ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ കിറ്റ്കോയെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ച് ആർ.എഫ്.പി. തയ്യാറാക്കിട്ടുമുണ്ട്.

## (10) **ഇന്ദിരാ ആവാസ് യോജന പദ്ധതി**

ശ്രീമതി പി. അയിഷാ പോറ്റി: ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം ഗുണഭോക്താക്കൾ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുപോലും അവസാന ഗഡുവായ സർക്കാർ വിഹിതം നൽകാത്തതുമൂലമുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് അടിയന്തരമായി ഇടപെടുകയും സഹായം നൽകുകയും വേണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഇന്ദിരാ ആവാസ് യോജന പദ്ധതിയിൻകീഴിൽ 15-9-2011 വരെ പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം എന്നിവർക്ക് യഥാക്രമം 75,000, 1,00,000, 1,15,000 രൂപയാണ്

നൽകിയിരിക്കുന്നത്. പ്രസ്തുത തുക വർദ്ധിപ്പിച്ചുവെങ്കിലും ആവശ്യമായ ഫണ്ട് മാറ്റിവയ്ക്കാൻ പല ബ്ലോക്ക് പഞ്ചായത്തുകൾക്കും കഴിയാതിരുന്നതിനാൽ ബാങ്കുകളിൽനിന്ന് വായ്പയെടുക്കാൻ നിർദ്ദേശം നൽകുകയും പലിശ സർക്കാർ വഹിക്കാമെന്ന് പറയുകയും ചെയ്തിരുന്നു. ചില പ്രൈമറി സഹകരണ ബാങ്കുകൾ പണം നൽകാൻ തയ്യാറായിട്ടില്ല.

(രക്തസാക്ഷിദിനം ആചരിക്കുന്നതിന്റെ ഭാഗമായി രാവിലെ 11.00 മണിക്ക് സഭാംഗങ്ങൾ 2 മിനിട്ട് എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയുണ്ടായി.)

കേന്ദ്ര ഗവൺമെന്റിന്റെ യൂണിറ്റ് കോസ്റ്റും സംസ്ഥാന ഗവൺമെന്റ് അനുവദിച്ച ഫണ്ടും കഴിഞ്ഞുവരുന്ന തുക 25:50:25 എന്ന അനുപാതത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ നൽകേണ്ടതാണ്. ഉപധനാഭ്യർത്ഥന പാസ്സാകുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ട് നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. നിർമ്മാണം പൂർത്തിയായ വീടുകൾക്ക് സർക്കാർ വിഹിതം നൽകാനുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളോട് അവരുടെ വിഹിതം മാറ്റിവയ്ക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

### (11) <u>**വിദ്യാഭ്യാസ വായ്പാ പലിശയിളവ്**</u>

<u>ശ്രീ. രാജു എബ്രഹാം</u>: 2004-09 കാലഘട്ടത്തിൽ എടുത്ത വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്നതിനും പ്രസ്തുത ആനുകൂല്യം എ.പി.എല്.-കാർക്കും നൽകാനും എ.പി.എല്. വിഭാഗത്തിന്റെ വരുമാനപരിധി അഞ്ച് ലക്ഷം

രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

ഗ്രാവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി (ശ്രീ കെ.സി. ജോസഫ്): 1-4-2009 മുതൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും ജോലി ലഭ്യമാകാതിരിക്കുകയും ചെയ്ത നാലര ലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവരുടെ മുഴുവൻ പലിശയും നൽകാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലഘട്ടങ്ങളിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും പഠനശേഷം ജോലികിട്ടാതെ നിൽക്കുകയും ചെയ്യുന്ന മൂന്ന് ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള ബി.പി.എൽ കുടുംബത്തിൽപ്പെട്ടവരുടെ വായ്പാ പലിശ നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതനുസരിച്ച് കോട്ടയം, എറണാകുളം, തൃശ്ശൂര്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ തുക വിതരണം ചെയ്തിട്ടുണ്ട്. പത്തനംതിട്ട, ഇടുക്കി, കോഴിക്കോട് ജില്ലാകളക്ടർമാരിൽ നിന്നും റിപ്പോർട്ട് ലഭ്യമായാലുടൻ തുക നൽകുന്നതാണ്.

(12) **കുട്ടനാടൻ -ആറന്മുള വഞ്ചി പാട്ടുകൾ**

ശ്രീ കെ. ശിവദാസൻ നായര്: സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ കുട്ടനാടൻ ശൈലിയിലുള്ള വഞ്ചിപ്പാട്ടും ആറന്മുള ശൈലിയിലുള്ള വഞ്ചിപ്പാട്ടും വ്യത്യസ്ത ഇനങ്ങളായി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പമന്ത്രി (ശ്രീ പി.കെ. അബ്ദു റബ്ബ്): ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷമാണ് വഞ്ചിപ്പാട്ട് പുതിയ ഇനമായി സ്കൂൾ കലോൽസവത്തിൽ ഉൾപ്പെടുത്തിയത്. മത്സരാർത്ഥികൾ പങ്കെടുക്കുമ്പോൾ രണ്ട് ശൈലിയും അറിയാവുന്നവരെയാണ് വിധികർത്താക്കളായി നിയമിക്കുന്നത്. കുട്ടനാടൻ ശൈലിയിലുള്ള വഞ്ചിപ്പാട്ടും ആറന്മുള ശൈലിയിലുള്ള വഞ്ചിപ്പാട്ടും വ്യത്യസ്ത ഇനങ്ങളായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. സ്കൂൾ കലോൽസവ മാന്വൽ പരിഷ്കരിക്കുന്ന അവസരത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും അടുത്ത കലോൽസവത്തിൽ വഞ്ചിപ്പാട്ടുമായി ബന്ധപ്പെട്ട മേഖലയിലുള്ളവരുമായി ആലോചിച്ച് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(13) **"ദൈവദശകം" രചിച്ചതിന്റെ നൂറാം വാർഷികം**

<u>ശ്രീ പി.സി. വിഷ്ണുനാഥ്:</u> ശ്രീനാരായണ ഗുരുദേവൻ "ദൈവദശകം" രചിച്ചതിന്റെ നൂറാം വാർഷികം 2014 ആയതിനാൽ യുവതലമുറയിൽ ദൈവദശകം എത്തിക്കുന്നതിനായി സ്കൂള്-കോളേജ് തലത്തിൽ വിവിധ മത്സരങ്ങളും ഒരു വർഷക്കാലത്തേക്ക് വിവിധ കർമ്മ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ പി. കെ. അബ്ദു റബ്ബ്)</u>: ശ്രീനാരായണ ഗുരുദേവൻ "ദൈവദശകം" രചിച്ചതിന്റെ നൂറാം വാർഷികം തികയുന്ന

വേളയിൽ ഗുരുദേവ ദർശനവും ദൈവദശകത്തിന്റെ സന്ദേശവും വിദ്യാർത്ഥികളിലും പുതിയ തലമുറയിലും എത്തിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വിചക്ഷണന്മാരുമായി ആലോചിച്ച് വിവിധ കർമ്മപരിപാടികളും സ്കൂൾ തലംമുതൽ വിവിധ മത്സരങ്ങളും സംഘടിപ്പിക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. ഈ കൃതി സ്കൂള്/കോളജ് തലങ്ങളിൽ പരിചയപ്പെടുത്തുവാൻ ബന്ധപ്പെട്ടവരുമായി ആലോചിച്ച് നിർദ്ദേശങ്ങളും ശുപാർശകളും സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതും ആയതു ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതുമാണ്.

(14) **പാചക തൊഴിലാളികളുടെ സേവന - വേതന വ്യവസ്ഥകൾ**

ശ്രീ. പി. തിലോത്തമന്: വിദ്യാലയങ്ങളിലെ പാചക തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി. കെ. അബ്ദു റബ്ബ്): സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപ്പിലാക്കി വരുന്നത്. പാചകത്തൊഴിലാളിയുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനായി 250 കുട്ടികൾക്ക് ഒരു പാചകത്തൊഴിലാളി എന്ന കണക്കിൽ വേതന ഘടന പരിഷ്ക്കരിക്കുമ്പോൾ നിലവിലുള്ളതിനേക്കാൾ കൂടുതൽ പാചകത്തൊഴിലാളികൾ

ആവശ്യമായി വരും. സംസ്ഥാന സ്കൂൾ പാചക തൊഴിലാളി സംഘടനകൾ വിവിധ ആവശ്യങ്ങളുന്നയിച്ച് സമർപ്പിച്ച നിവേദനങ്ങളിന്മേൽ സംഘടനകളുടെ നേതാക്കളുമായി പൊതു വിദ്യാഭ്യാസവകുപ്പ് ഡയറക്ടർ നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്. സ്കൂളുകളിലെ പാചകം പാർട്ട്ടൈം തൊഴിലായതിനാൽ മിനിമം വേജസിന്റെ പരിധിയിൽ വരുന്നതല്ലെന്ന വിവിധ സംസ്ഥാനങ്ങളിലെ ഹൈക്കോടതികളുടെ വിധിന്യായവും കേന്ദ്ര നിർദ്ദേശവുംകൂടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ യുക്തമായ തീരുമാനം കൈകൊള്ളുന്നതാണ്.

(15) **<u>പെൻഷൻ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത</u>**

<u>ശ്രീ. എം. ചന്ദ്രന്</u>: അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും പെൻഷൻ തുകയും ഗ്രാറ്റുവിറ്റിയും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീര്</u>): അംഗൻവാടി ജീവനക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടി സംസ്ഥാന സർക്കാർ കേരള അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. പ്രതിമാസം വർക്കർമാർ 30 രൂപയും ഹെൽപ്പർമാർ 15 രൂപയും തുല്യമായ വിഹിതം സംസ്ഥാന സർക്കാരും ക്ഷേമനിധി വിഹിതമായി അടയ്ക്കുന്നുണ്ട്.

ക്ഷേമനിധിയിൽ അടയ്ക്കേണ്ട വിഹിതം വർദ്ധിപ്പിച്ചുകൊണ്ട് പെൻഷൻ 700-ഉം 550-ഉം രൂപയായി വർദ്ധിപ്പിക്കണമെന്ന സാമൂഹ്യനീതി ഡയറക്ടറുടെ ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ക്ഷേമനിധി ബോർഡിനെ സ്റ്റാറ്റ്യൂട്ടറി ബോർഡാക്കുന്നതിനുള്ള കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സ്വാവലംബൻ പദ്ധതി നടപ്പിലായാൽ കൂടുതൽ പെൻഷൻ ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുന്നതാണ്.

(16) <u>**വീട് വയ്ക്കുന്നതിനുള്ള ദൂരപരിധി ഇളവ്**</u>

<u>ശ്രീ. അൻവർ സാദത്ത്</u>: ആലുവ നിയോജകമണ്ഡലത്തിൽ പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള എന്.എ.ഡി. സ്ഥാപനത്തിന് സമീപം വീട് വയ്ക്കുന്നതിനുള്ള ദൂരപരിധിയിൽ ഇളവ് ചെയ്യുന്നതിനോ ന്യായവില കൊടുത്ത് സ്ഥലമേറ്റെടുക്കുന്നതിനോ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ഡോ. എം. കെ. മുനീർ)</u>: 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ട പ്രകാരം പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും 100 മീറ്റർ ദൂരപരിധിക്കുള്ളിൽ വരുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് പ്രസ്തുത സ്ഥാപനത്തിന്റെ അധികാരിയിൽനിന്നും പഞ്ചായത്ത് സെക്രട്ടറി രേഖാമൂലമുള്ള അനുമതി നേടിയിരിക്കണമെന്നും എതിർപ്പുള്ളപക്ഷം ആയത് അപേക്ഷ ലഭിച്ച് മുപ്പത്

ദിവസത്തിനകം പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ മറുപടി ലഭിക്കാത്ത പക്ഷം എതിർപ്പില്ലെന്ന നിഗമനത്തിൽ സെക്രട്ടറിക്ക് പെർമിറ്റ് നൽകാവുന്നതാണ്. രാജ്യരക്ഷാ വകുപ്പിന്റെ അനുമതിയോടുകൂടി ദൂരപരിധി കുറയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതുസംബന്ധിച്ച് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രിക്ക് കത്ത് എഴുതുകയും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ യോഗം വിളിക്കുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്യുന്നതാണ്.

(17) **കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ**

ശ്രീ. കെ. കെ. ജയചന്ദ്രന്: സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്): ചെലവേറിയ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ ആശുപത്രിയിൽ നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതും ജീവനക്കാർക്ക് പരിശീലനം നൽകേണ്ടതുമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമായതിനാൽ ഇത്തരം ശസ്ത്രക്രിയ നടത്തുന്നതിനുവേണ്ടി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അമൃത ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി അടിയന്തരമായി ഈ ചികിത്സ ഇവിടെ

ആരംഭിക്കുന്നതാണ്. ഹ്യൂമൻ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ആക്ട് പ്രകാരം കരൾ മാറ്റിവയ്ക്കുന്നതിനുള്ള ലൈസൻസ് പ്രസ്തുത ആശുപത്രിക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(18) **സിദ്ധ - യുനായി ചികിത്സാ കേന്ദ്രം**

ശ്രീ. സി. മമ്മൂട്ടി: തിരൂർ നിയോജകമണ്ഡലത്തിലെ വളവന്നൂർ ജില്ലാ ആയുർവ്വേദ ആശുപത്രിയിലും ഭൗതിക സൗകര്യമുള്ള മറ്റ് ആശുപത്രികളിലും കേന്ദ്ര ഫണ്ട് ഉപയോഗിച്ച് സിദ്ധ-യുനാനി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സിദ്ധ, യുനാനി ചികിത്സാ കേന്ദ്രങ്ങൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പരമ്പരാഗത ചികിത്സാ രീതികളെല്ലാം ഒരിടത്താക്കുന്നതിനുവേണ്ടി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നതാണ്. തിരുവനന്തപുരത്ത് പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആയുഷ് ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പഞ്ചായത്ത് നിയമിക്കുന്ന ജീവനക്കാർക്ക് സർക്കാർ നിശ്ചയിക്കുന്ന വേതനവും ഭൗതിക സാഹചര്യവും പഞ്ചായത്ത് ഫണ്ടിൽനിന്നും നൽകാമെന്ന ഉറപ്പും ഡി.എം.ഇ.-യുടെ ഇൻസ്പെക്ഷൻ റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് തിരൂർ

മണ്ഡലത്തിലെ വളവന്നൂർ ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ ആയുഷ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(19) **സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ**

ശ്രീമതി കെ. എസ്. സലീഖ: ഷൊർണ്ണൂര്, ചെർപ്പുളശ്ശേരി സി.എച്ച്.സി.-ൽ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്): അപ്ഗ്രേഡ് ചെയ്ത ആശുപത്രികളിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നു. ഷൊർണ്ണൂര്, ചെർപ്പുളശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും അധിക തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(20) **വന്ധ്യതാ ചികിത്സ**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്: വന്ധ്യതാ ചികിത്സ സുതാര്യവും ചൂഷണ വിമുക്തവുമാക്കുന്നതിനും കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഐ.വി.എഫ്. ചികിത്സാ രീതി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്): എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വന്ധ്യതാ

ചികിത്സയ്ക്കുള്ള സൗകര്യം ഉണ്ട്. ഇപ്പോൾ തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ മാത്രമുള്ള ഐ.വി.എഫ്. ചികിത്സാ സൗകര്യം മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽക്കൂടി ഏർപ്പെടുത്തുന്നതാണ്. കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്തെ സ്വകാര്യ ചികിത്സാ സ്ഥാപനങ്ങൾക്കുമേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണമുണ്ടാകുന്നതാണ്.

**<u>മേശപ്പുറത്തുവച്ച കടലാസുകൾ</u>**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**<u>റിപ്പോർട്ട് സമർപ്പണം</u>**

താഴെ പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

1) 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

2) 2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

3) പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ

**<u>അനുമോദനം</u>**

മി. സ്പീക്കര്: ഇന്ന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി ശ്രീ. കെ. എം. മാണിയുടെ ജന്മദിനമാണ്. അദ്ദേഹത്തിന് സഭയുടെ പേരിൽ ജന്മദിനാശംസകൾ നേരുന്നു.

**ധനകാര്യം**

**2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും**

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുന്നു. കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ചയ്ക്കും സുസ്ഥിര വികസനത്തിനുമുതകുന്ന ഒരു ബഡ്ജറ്റല്ല ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളുടെ വളർച്ചയ്ക്കുതകുന്ന നിർദ്ദേശങ്ങളോ മാനവവിഭവശേഷി കാര്യക്ഷമമായി വിനിയോഗിക്കാനുതകുന്ന നിർദ്ദേശങ്ങളോ ബഡ്ജറ്റിലില്ല. തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്ത്രീകളുടെ സ്കിൽ വർദ്ധിപ്പിക്കാനുതകുന്ന നിർദ്ദേശങ്ങൾ

ഉണ്ടാകണം. മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്താൻ യാതൊരു വിധ നിർദ്ദേശങ്ങളും ബഡ്ജറ്റിലില്ല. സാമ്പത്തിക വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം. നാണ്യവിളകൾക്ക് തറവില നിശ്ചയിച്ച് സംഭരിക്കുന്നതിന് നടപടികളുണ്ടാകണം. തെങ്ങ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഗവേഷണങ്ങൾ നടക്കുന്നതല്ലാതെ ഒരു പ്രതിവിധിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മറ്റ് സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ വലിയ മുന്നേറ്റങ്ങൾ നടത്തിക്കഴിഞ്ഞു. കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് വ്യക്തമായ ഒരു നിർദ്ദേശവുമില്ല. ഏറ്റുമാനൂർ മണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് തുക വകയിരുത്തണം. ഏറ്റുമാനൂർ ടൗൺഷിപ്പിനും ചീർപ്പുങ്കൽ-മണിയാപറമ്പ് റോഡിനും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്.

ശ്രീ. ആർ. സെൽവരാജ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അനുഭവ സമ്പത്തിന്റെയും യാഥാർത്ഥ്യ ബോധത്തിന്റെയും സത്ത ഉൾക്കൊള്ളുന്നതും പാവപ്പെട്ടവരുടെയും കർഷകരുടെയും തൊഴിലില്ലാത്ത വരുടെയും അവസ്ഥയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതുമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സാംസ്കാരിക വകുപ്പ് മുൻകൈ എടുത്ത് ദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജന്മഗൃഹം ഏറ്റെടുത്ത്

പരിരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വൈകുണ്ഠസ്വാമി കളുടെ പേരിൽ പഠനകേന്ദ്രം അനുവദിച്ചതും സ്മാരകം നിർമ്മിക്കുന്നതിന് തീരുമാനമെടുത്തതും അഭിനന്ദനാർഹമാണ്. സെക്രട്ടേറിയറ്റ് അനക്സ് അദ്ദേഹത്തിന്റെ പേരിൽ നാമകരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയന്</u>: ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും എതിർക്കുന്നു. സംസ്ഥാനത്ത് കാർഷിക മേഖലയുടെ അടിത്തറ ചുരുങ്ങുകയും, ഭക്ഷ്യവിള കൃഷി ചെയ്യുന്ന ഭൂ വിസ്തൃതി കുറയുകയും ചെയ്യുന്നു. കൃഷി സ്ഥലം കുറയുന്നതിനനുസരിച്ച് ഭക്ഷ്യവിളകളുടെ ഉൽപാദനവും കുറയുന്നതിന് പരിഹാരം കാണണം. കുരുമുളക് കൃഷി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം. കാർഷിക മേഖലയെ തകർച്ചയിൽനിന്നും വീണ്ടെടുക്കുന്നതിനുള്ള ഒരു പദ്ധതിയും ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തത് ഖേദകരമാണ്. തൊഴിലില്ലായ്മക്ക് പരിഹാരം കാണാനുള്ള പദ്ധതികളൊന്നും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പൊതുജനാരോഗ്യ രംഗത്ത് ദേശീയ ശരാശരിയുടെ തോത് കുറയുകയും മാനസികാരോഗ്യരംഗത്ത് ആശങ്കയുള വാക്കുന്ന തരത്തിൽ വർദ്ധനവുണ്ടാകുകയുമാണ്. ആയുർവ്വേദ മെഡിക്കൽ

കോളേജുകൾ പാരമ്പര്യത്തിനനുസരിച്ച് ഉയർത്തിക്കൊണ്ടുവരണം. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:</u> ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും അനുകൂലിക്കുന്നു. ഈ സർക്കാരിന് ഓരോ വകുപ്പിലും പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ഒന്നാം ജനസമ്പർക്ക പരിപാടിയെത്തുടർന്ന് സാധാരണ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ നിയമങ്ങൾ പരിഷ്കരിക്കാനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവയിലൂടെ അനേകം പേർക്ക് ആശ്വാസം നൽകാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. റോഡുകളുടെ നിലവാരം മെച്ചപ്പെടുത്താൻ കൂടുതൽ തുക നീക്കിവയ്ക്കാനും താമരശ്ശേരി-കൊടുവള്ളി ബൈപ്പാസ് നിർമ്മിക്കാനും നടപടി സ്വീകരിക്കണം. പുതിയ താലൂക്കുകളും വില്ലേജുകളും പ്രഖ്യാപിച്ചതും കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ അവ പ്രഖ്യാപിച്ചതും താലൂക്കാശുപത്രികളിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്. നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്കാശുപത്രിയായി ഉയർത്തുന്നതിനും കൂടത്തായിയിലും പന്നിക്കോട്ടുമുള്ള ആയുർവ്വേദ ഡിസ്പെൻസറികളിൽ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനും ഇന്നവേഷൻ കൗൺസിൽ

പുന:സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പാചകവാതകത്തിനുള്ള വാറ്റ് നികുതി ഒഴിവാക്കിയതും സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. എം.എല്.എ. ഫണ്ട് രണ്ടുകോടി രൂപയായും ആസ്തി വികസന ഫണ്ട് എഴ് കോടി രൂപയായും വർദ്ധിപ്പിക്കണം. കഴിയുന്നത്ര വേഗത്തിൽ സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിക്കുന്ന തരത്തിൽ സാങ്കേതിക പ്രശ്നങ്ങൾ ലഘൂകരിക്കണം.

<u>ശ്രീ. എ. എ. അസീസ്</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാപ്പെക്സിന് വകയിരുത്തിയ തുക അടിയന്തരമായി വിതരണം ചെയ്യാനും കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഫാക്ടറികൾ വിട്ടുകൊടുക്കാനും നടപടി സ്വീകരിക്കണം. കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കൽ ഭേദഗതി നിയമപ്രകാരം 20 ഫാക്ടറികൾക്കായി 25 കോടി രൂപ അനുവദിക്കണം. പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് തുക അനുവദിക്കണം. നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുകയും നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുകയും ചെയ്യണം. നവീകരണ പ്രവർത്തനങ്ങൾ നടത്തി അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. മാവേലി സ്റ്റോറുകൾ മുഖേന നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തണം. പദ്ധതികൾ ഏറ്റെടുത്ത്

നടത്തുന്ന ഏജൻസികളുടെ പ്രവർത്തനത്തെപ്പറ്റി അന്വേഷിക്കുകയും തോട്ടം തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യണം. പ്ലാന്റേഷൻ മേഖലകളുടെ സംരക്ഷണത്തിനോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻമെമ്പർ മാർക്ക് പെൻഷൻ അനുവദിക്കുന്നതിനോ വേണ്ടിയുള്ള ഒരു നിർദ്ദേശവും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസനോന്മുഖവും കാര്യക്ഷമവുമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിൽ സർക്കാർ കാണിക്കുന്ന ആർജ്ജവത്തെ പ്രതിപക്ഷം ചെറുതായി കാണരുത്. നിലേശ്വരത്ത് ഇ. എം. എസ്. സ്റ്റേഡിയത്തിന് അഞ്ച് കോടി രൂപ വകയിരുത്തിയ നടപടി അഭിനന്ദനാർഹമാണ്. റബ്ബർകൃഷിയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രത്യേകം പദ്ധതികൾ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. ഇരുപത്തിയഞ്ച് വിളകളെ ഇൻകം ഗ്യാരന്റി സ്കീമിലുൾപ്പെടുത്തിയതും, കർഷക ആശ്വാസ പദ്ധതി, അഗ്രി കാർഡ്, ഹൈടെക് കൃഷിരീതികള്, പോളി ഹൗസുകള്, ഗ്രീൻ ഹൗസുകൾ വ്യാപകമാക്കൽ തുടങ്ങിയ പദ്ധതികളും അഭിനന്ദനാർഹമാണ്. കാർഷികോൽ പ്പന്നങ്ങളുടെ സംഭരണവും സംസ്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്ന പ്രതിപക്ഷ ആരോപണം ശരിയല്ല.

അത്യുൽപ്പാദനശേഷിയുള്ള വിത്ത്, തൈ ഉൽപ്പാദനകേന്ദ്രങ്ങള്, ന്യായവില നൽകി കാർഷികോൽപ്പന്നങ്ങളുടെ സംഭരണം എന്നിവയ്ക്കായി ബൃഹത് പദ്ധതികളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുളളത്. മൃഗസംരക്ഷണം, മണ്ണ് , ജലം, ക്ഷീരകർഷക-മത്സ്യകൃഷി തുടങ്ങിയ സമസ്ത മേഖലകളുടെയും സംരക്ഷണ ത്തിനുതകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിരിക്കുന്നത്. മാലിന്യനിർമ്മാർജ്ജനം, ശുദ്ധജലവിതരണം തുടങ്ങി യവയുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരങ്ങൾക്ക് നടപടി സ്വീകരിച്ചത് ആശ്വാസകരമാണ്. പരിസ്ഥിതി സൗഹാർദ്ദ വ്യവസായമെന്ന നിലയിൽ കേരളത്തിൽ ഒരു സംവിധാനം നടപ്പാക്കുന്നത് സംബന്ധിച്ച് ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിട്ടുളളത് സ്വാഗതാർഹമാണ്. ടെക്സ്റ്റയിൽ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് മതിയായ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അതിനായി ഒരു പ്രത്യേക പാക്കേജ്കൂടി ഏർപ്പെടുത്തണം. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് പട്ടുനൂൽ വ്യവസായ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനും യുവാക്കൾക്കും വിദ്യാർത്ഥികൾക്കും കൂടുതൽ പ്രത്യാശ കൊടുക്കുന്നതിനുതകു ന്നതുമായ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിട്ടുളളത്. പാഠ്യ-പദ്ധതിയുമായി ബന്ധപ്പെട്ട പുനക്രമീകരണം, ഐ.റ്റി. സെക്ടറുകളുടെ വിപുലീകരണം എന്നിവയിലൂടെ സർക്കാർ വിദ്യാഭ്യാസ മേഖലയ്ക്ക് മുന്തിയ

പരിഗണന നൽകുന്നുണ്ട്. നിയോജകമണ്ഡലങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായുള്ള ആസ്തി വികസന ഫണ്ട് ഏഴ് കോടി രൂപയാക്കി വർദ്ധിപ്പിക്കണം. എം.എല്.എ. ഫണ്ട് അപര്യാപ്തമായതിനാൽ മതിയായ രീതിയിൽ വർദ്ധിപ്പിക്കണം. ആട്ടോറിക്ഷകൾക്ക് ഏർപ്പെടുത്തിയ ലംപ്സം നികുതി പിൻവലിച്ചത് സ്വാഗതാർഹമാണ്. എം-സാന്റിനും മെറ്റൽക്രഷറുകൾക്കും ഏർപ്പെടുത്തിയ നികുതിനിരക്ക് പുന: പരിശോധിക്കണം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇടുക്കി, വയനാട് ജില്ലകളിൽ വിമാനത്താവളം, എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും എയർ സ്ട്രിപ്പ് തുടങ്ങിയ പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കാൻ സർക്കാരിന് കഴിയുന്നില്ല. സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാനോ റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ മുന്നോട്ടുപോകാനോ കഴിഞ്ഞിട്ടില്ല. മണൽ ക്ഷാമം പരിഹരിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മത്സ്യമേഖല നേരിടുന്ന വെല്ലുവിളികൾ സർക്കാർ കണ്ടില്ലെന്നു നടിക്കുകയാണ്. പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിൽ സർക്കാർ വൻപരാജയമാണ്. ജനജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വിലക്കയറ്റമുൾപ്പെടെയുള്ള തെറ്റായ നയങ്ങൾ തുടരുകമാത്രമാണ് സർക്കാർ ചെയ്യുന്നത്.

ശ്രീ. എ. റ്റി. ജോർജ് : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

നിർമ്മാണ വസ്തുക്കളായ എം-സാന്റ്, മെറ്റൽ എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതി വർദ്ധന പിൻവലിക്കാൻ സർക്കാർ തയ്യാറാകണം. സമസ്ത മേഖലകളിലും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രവർത്തനമാണ് സർക്കാർ നടത്തുന്നത്. കർഷക ഇൻഷ്വറൻസ് പദ്ധതി, സൗജന്യ ആരോഗ്യ ഇൻഷ്വറൻസ്, അഗ്രി കാർഡ്, കാർഷികോല്പന്ന വിപണന സംഘങ്ങൾക്ക് നൽകുന്ന 5 ലക്ഷം രൂപവരെയുള്ള പലിശരഹിത വായ്പ എന്നിവ കർഷകർക്ക് ഏറെ ആശ്വാസം നൽകുന്നവയാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകളും മറ്റ് സാമ്പത്തികാനുകൂല്യങ്ങളും വർദ്ധിപ്പിച്ച നടപടി അവശതയനുഭവിക്കുന്നവർക്ക് പ്രയോജനപ്രദമാണ്. എല്.പി.ജി. സിലിണ്ടറുകൾക്ക് സബ്സിഡി തുകയിന്മേലുള്ള മൂല്യവർദ്ധിത നികുതി ഒഴിവാക്കുന്നതിന് നിയമത്തിൽ ഭേദഗതി വരുത്താനുള്ള നടപടി ഏറെ ആശ്വാസകരമാകും. നികുതി ചോർച്ച തടയുന്നതിന് സ്വീകരിക്കുന്ന നടപടി ശ്ലാഘനീയമാണ്. അരിയെ നികുതി വിമുക്തമാക്കിയതും പയറുവർഗ്ഗങ്ങള്, ധാന്യപ്പൊടികൾ എന്നിവയുടെ നികുതി ഒരു ശതമാനമാക്കി കുറച്ചതും സാധാരണക്കാർക്ക് ഏറെ ആശ്വാസം നൽകുന്നതാണ്. ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസ മേഖലയിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്താനുള്ള നടപടിയുമായാണ് സർക്കാർ മുമ്പോട്ടുപോകുന്നത്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക്

പരിഹാരം കാണുന്നതിനായി 43 സർക്കാർ ഉത്തരവുകൾ പരിഷ്ക്കരിച്ച നടപടി ഏറെ ഗുണകരമാണ്. സാക്ഷികളെ കൂറുമാറ്റുന്നവർക്കെതിരെ നിയമനിർമ്മാണം നടത്തണം. വിദ്യാർത്ഥികളെയും യുവാക്കളെയും കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കാനും എല്ലാവർക്കും ആരോഗ്യസംരക്ഷണം ഉറപ്പാക്കാനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. ബി. ഡി. ദേവസ്സി:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്, വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ, ജലസേചന സംവിധാനത്തിലുണ്ടായ കുറവ് തുടങ്ങിയവ കർഷകരെ തകർത്തിരിക്കുകയാണ്. കുളമ്പുരോഗബാധമൂലം കന്നുകാലികൾ ചത്തൊടുങ്ങിയ കർഷകരെ സഹായിക്കാനോ തക്കസമയത്ത് പ്രതിരോധ നടപടികൾ സ്വീകരിക്കാനോ സർക്കാരിന് കഴിഞ്ഞില്ലെന്നുമാത്രമല്ല മൃഗസംരക്ഷണ മേഖലയ്ക്കായി ചെലവഴിച്ച തുകയും പരിമിതമാണ്. കാർഷിക മേഖലയിലെ പ്രതിസന്ധിമൂലം കർഷക ആത്മഹത്യ വർദ്ധിച്ചു. കേന്ദ്രവിഹിതം കൂടുതൽ നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന ഗവൺമെന്റ് കൂടുതൽ പണം ചെലവഴിച്ചത് ഭരണചെലവുകൾക്കുവേണ്ടിയാണ്. ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ തുക വകയിരുത്തിയിട്ടില്ലാത്തത് അങ്ങേയറ്റം അപലപനീയമാണ്. പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുള്ള പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റിലുള്ളത്. കൊരട്ടി കുഷ്ഠരോഗാശുപത്രിയിലെ

അന്തേവാസികളുടെ റേഷൻ വിതരണം തകിടം മറിക്കുകയും ഗവൺമെന്റ് പ്രസ്സിന് അനുവദിച്ചിരുന്ന മണ്ണെണ്ണ പെർമിറ്റ് നിർത്തിവച്ചിരിക്കുകയുമാണ്. നഴ്സുമാരെ കൂട്ടസ്ഥലമാറ്റം ചെയ്തതിലൂടെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം നിലച്ചിരിക്കുന്നു. ദേശീയ സ്കൂൾ ഗെയിംസിൽ സമ്മാനർഹരായ കുട്ടികൾക്ക് പ്രഖ്യാപിച്ച ക്യാഷ് അവാർഡ് നൽകാൻ നടപടിയുണ്ടാകണം. സ്കൂളുകളിൽ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യാനോ അതിരപ്പിള്ളി-മലയാറ്റൂർ-കാലടി ടൂറിസം സർക്യൂട്ട് പദ്ധതി യാഥാർത്ഥ്യമാക്കാനോ കഴിഞ്ഞിട്ടില്ല. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകാനാവശ്യമായ തുക വകയിരുത്തണം. ജനങ്ങളുടെമേൽ അമിത നികുതിഭാരം അടിച്ചേൽപ്പിച്ച ബഡ്ജറ്റാണിത്. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ് നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിക്കും. മലയോര കർഷകർക്ക് പട്ടയം നൽകാനോ ആദിവാസികൾക്ക് സഹായകരമായ നടപടികൾ സ്വീകരിക്കാനോ ഗവൺമെന്റ് തയ്യാറായിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്ക് പകരം കാർഷിക-ഉല്പാദന മേഖലകളെ പ്രോത്സാഹിപ്പിക്കുന്ന ബദൽ നയം ആവിഷ്കരിക്കണം.

ഡോ. കെ. ടി. ജലീൽ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് സംസ്ഥാനത്തുള്ളത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിയ ധന ഉത്തരവാദിത്വ മാനേജ്മെന്റ്

നിയമത്തിന് കടകവിരുദ്ധമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ പൊതുകടം ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. പ്ലാൻ ഫണ്ടിന്റെ 23.5 ശതമാനം മാത്രമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതത്തിലും വൻ കുറവ് വരുത്തിയിരിക്കുന്നു. അപക്വവും ദീർഘവീക്ഷണമില്ലാത്തതുമായ സാമ്പത്തിക സമീപനങ്ങൾ കാരണം പ്രതീക്ഷിത വരുമാനം സമാഹരിക്കാനാകാത്തത് പഠന വിധേയമാക്കണം. ലാന്റ് വാല്യു തിട്ടപ്പെടുത്താത്തതിന്റെ ഫലമായി വരുമാനത്തിൽ ഇടിവുണ്ടാകുകയും പല പദ്ധതികളും നടപ്പിലാക്കാൻ കഴിയാതെയും വന്നു. ചെക്ക്പോസ്റ്റുകൾ വഴിയുള്ള നികുതി വെട്ടിപ്പ് തടയുന്നതിലും സർക്കാർ പരാജയപ്പെട്ടു. എക്സൈസ് വരുമാനത്തിൽ വന്ന കുറവിന് കാരണം കള്ളവാറ്റും ലഹരി കുറഞ്ഞ വസ്തുക്കളുടെ വ്യാപകമായ ഉപയോഗവുമാണ്. സാമ്പത്തിക മാന്ദ്യംമൂലം കേരളത്തിൽ വരുമാന കമ്മി വന്നിട്ടുണ്ടെന്ന വാദം അർത്ഥശൂന്യമാണ്. പ്രവാസികൾ സംസ്ഥാനത്ത് ചെലവഴിച്ച ഫണ്ടിന്റെ ഗുണഫലം സാമ്പത്തിക മേഖലയ്ക്ക് ലഭിച്ചില്ലെന്നത് സത്യസന്ധമായ വിശകലനത്തിന് വിധേയമാക്കേണ്ടതാണ്. അടിസ്ഥാന സൗകര്യ വികസനത്തിനും തുക വകയിരുത്തിയിട്ടില്ല. സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന ആർട്സ് ആന്റ് സയൻസ് കോളേജുകളിലേക്കാവശ്യമായ തസ്തിക സൃഷ്ടിക്കുകയോ ജോലിയിൽ പ്രവേശിച്ചവർക്ക് ശമ്പളം

നൽകുകയോ ചെയ്തിട്ടില്ല. തവനൂർ നിയോജക മണ്ഡലത്തിലെ മംഗലം പഞ്ചായത്തിലെ തീരപ്രദേശത്ത് സി.പി.ഐ.(എം) പ്രവർത്തകരെ വെട്ടി പ്പരിക്കേൽപ്പിച്ച സംഭവം സ്പെഷ്യൽ ടീമിനെവച്ച് അന്വേഷിപ്പിക്കണം. തിരൂർ പോലീസ് സ്റ്റേഷനിലെ നിലവിലുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരെ മാറ്റണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): തിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ മംഗലം ഗ്രാമപഞ്ചായത്തിൽ ഉപതെരഞ്ഞെടുപ്പുകളുടെ ഫലപ്രഖ്യാപനത്തോടനുബന്ധിച്ച് യാതൊരു കാരണവുമില്ലാതെ സി.പി.ഐ(എം) പ്രവർത്തകരെ ആക്രമിച്ചത് എസ്.ഡി. പി.ഐ. പ്രവർത്തകരാണെന്ന വിവരം ലഭിച്ചിട്ടുണ്ട്. പ്രതികളായി പതിമൂന്നോളം പേർ സംഭവത്തിൽ ഉൾപ്പെട്ടിട്ടുള്ളതിൽ നാല് പേരെ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പോലീസ് വകുപ്പിന്റെ ഭാഗത്തു നിന്നും ശക്തമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സ്പെഷ്യൽ ടീമിനെക്കൊണ്ട് പ്രസ്തുത കേസ് അന്വേഷിപ്പിക്കുന്നതുമാണ്. പ്രതികളെ കണ്ടെത്താൻ എല്ലാ നടപടികളും സ്വീകരിക്കും.

<u>ശ്രീ എം. പി. വിൻസെന്റ്:</u> ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. 2013-14 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ കുറവാണെങ്കിലും നിരവധി നേട്ടങ്ങൾക്ക് നാന്ദി കുറിക്കാൻ സാധിച്ചു. 2014-15 -ലെ ബഡ്ജറ്റിലും

കാർഷിക മേഖലയ്ക്ക് മുൻതൂക്കം നൽകുകയും ആവശ്യമായ തുക നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വിളകൾക്ക് ന്യായമായ ലാഭം ഉറപ്പാക്കാൻ 25 വിളകൾക്ക് ഇൻഷ്വറൻസ് നൽകി. കർഷകർക്ക് ഇൻകം ഗ്യാരണ്ടി സപ്പോർട്ടിനായി തുക വകയിരുത്തുകയും മിൽമ മാതൃകയിൽ കാർഷിക സംഘങ്ങൾക്ക് 5 ലക്ഷം രൂപ പലിശ രഹിത വായ്പ പ്രഖ്യാപിക്കുകയും ചെയ്തു. അടയ്ക്കാ കർഷകർക്ക് പ്രത്യേക പാക്കേജ്, 4.1 ശതമാനം നിരക്കിൽ ക്രോപ്പ് ലോണിനായി അഗ്രികാർഡ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. വായ്പ എടുത്ത കർഷകൻ മരണമടഞ്ഞാൽ ഇരുപത്തയ്യായിരം രൂപവരെ സർക്കാർ ബാങ്കിലടയ്ക്കുമെന്നുള്ളത് നൂതന ആശയമാണ്. കൃഷി ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഹൈ-ടെക് കൃഷി സ്വാഗതാർഹമാണ്. യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ സാങ്കേതിക വിദ്യയുടെ ഉപയോഗം വ്യാപകമാക്കേണ്ടതുണ്ട്. കാർഷികരംഗത്തെ കൂലി വർദ്ധനവും തൊഴിലാളികളുടെ അഭാവവും യന്ത്രവൽക്കരണത്തിലേക്ക് നയിക്കും. ആഭ്യന്തര ക്ഷീരോൽപാദനം വർദ്ധിപ്പിക്കണം. വിദ്യാർത്ഥികളുടെ സംരംഭംങ്ങൾക്ക് ഗ്രേസ് മാർക്കും മികച്ച കണ്ടുപിടുത്തങ്ങളും നേതൃത്വപാടവം പ്രകടിപ്പിക്കുന്നവർക്ക് പ്രഖ്യാപിച്ച ക്യാഷ് അവാർഡും പ്രോത്സാഹജനകമാണ്. അനാഥകുട്ടികളുടെ വിദ്യാഭ്യാസം ഏറ്റെടുക്കുമെന്നത് അഭിനന്ദനാർഹമാണ്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും ബി.പി.എൽ കുടുംബങ്ങളിലെ പ്രൊഫഷണൽ

വിദ്യാർത്ഥിനികൾക്ക് ലാപ്-ടോപ് നൽകുന്നതും യുവസംരംഭകർക്ക് ധനസഹായം നൽകുന്നതും ഐ.ടി. പാർക്കുകൾക്ക് തുക അനുവദിച്ചതും സ്വാഗതാർഹമാണ്. ഒല്ലൂരിൽ സർക്കാർ മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. എം.എല്.എ. ഫണ്ട് ഒരു കോടിയിൽ നിന്നും രണ്ട് കോടി രൂപയാക്കി വർദ്ധിപ്പിക്കണം. റബ്ബറിന്റെ ന്യായവില സംഭരണത്തിന് തുക അനുവദിക്കുകയും കാർഷിക വായ്പകൾക്ക് ഗഹാൻ ഫീ ഒഴിവാക്കിയതും ക്ഷേമപെൻഷനുകളുടെ തുക വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. പ്രവാസി പുനരധിവാസ ഫണ്ട് വർദ്ധിപ്പിക്കാനും മാനസിക വെല്ലുവിളിനേരിടുന്ന നൂറിലേറെ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയിഡഡ് പദവി നൽകുന്നതും സ്വാഗതാർഹമാണ്. അംഗനവാടി ജീവനക്കാര്, ആശവർക്കാർമാര്, പാലിയേറ്റീവ് കെയറിലെ നഴ്സുമാർ എന്നിവർക്ക് വേതനം വർദ്ധിപ്പിച്ചതും അനാഥശാലകളിലേയും വൃദ്ധസദനങ്ങളിലേയും അന്തേവാസികളുടെ ഗ്രാന്റ് വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. എം-സാന്റ്, മെറ്റൽ ക്രഷിംഗ് യൂണിറ്റ് എന്നിവയ്ക്ക് വർദ്ധിപ്പിച്ച നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കണം. വന്യമൃഗശല്യം ദൂരീകരിക്കുന്നതിന് 50 കോടി രൂപ അനുവദിച്ച നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. അജിത്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്.

വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക കൊടുത്തു തീർത്തിട്ടില്ല. റബ്ബർ സംഭരണത്തിന് നീക്കിവച്ച തുക തീരെ അപര്യാപ്തമാണ്. വൈക്കം സത്യാഗ്രഹ സ്മാരക മ്യൂസിയവും മഹാത്മാഗാന്ധി പ്രതിമയും സ്ഥാപിക്കുന്നതിനും വൈക്കം മുഹമ്മദ് ബഷീർ സ്മാരകം, പാലാ നാരായണൻ നായർ സ്മാരക മന്ദിരം എന്നിവ നിർമ്മിക്കുന്നതിനും നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്. കഴിഞ്ഞ വർഷം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പട്ടികജാതി വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന ഗ്രാന്റ് വർദ്ധിപ്പിക്കണം. ഭവന നിർമ്മാണത്തിനായുള്ള സാമ്പത്തിക സഹായം 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. ഐ.എ.വൈ. സ്കീം പ്രകാരം വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സർക്കാർ വിഹിതം നൽകണം. കെ.എസ്.ആര്.ടി.സി.-യെ ശാക്തീകരിക്കുകയും അവരുടെ പെൻഷൻ ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്യണം. വൈക്കത്തെ ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി മാറ്റണം. വൈക്കത്ത് ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ആസ്തി വികസന ഫണ്ട്, എം.എല്.എ. ഫണ്ട് എന്നിവ അനുവദിക്കുന്നതിൽ തുല്യത വരുത്തണം.

<u>ശ്രീ. സി. കൃഷ്ണന്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കർഷകത്തൊഴിലാളികൾക്ക് പെൻഷന്, മരണാനന്തര സഹായം, അധിവർഷ ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം

എന്നിവയുടെ വിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. എല്ലാ ക്ഷേമനിധി ബോർഡുകളും ആനുകൂല്യം കൊടുക്കുന്നതിൽ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തണം. പൊതുമേഖലാ വ്യവസായങ്ങളെയും പരമ്പരാഗത വ്യവസായങ്ങളെയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. ഖാദി തൊഴിലാളികളുടെ പ്രൊഡക്ഷൻ ഇൻസെന്റീവ് തുക വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. ഖാദി വസ്തുങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി ഫലപ്രദമായ നടപടികൾ സ്വീകരിക്കണം.। ഖാദി തൊഴിലാളികളുടെ പ്രൊഡക്ഷൻ ഇൻസെന്റീവ് വർദ്ധിപ്പിക്കാനെടുത്ത തീരുമാനം സ്വാഗതാർഹമാണ്. ഖാദി വിപണി വിപുലീകരിക്കണം. ദിനേശ് ബീഡിയെ സംരക്ഷിക്കുന്നതിനും ജീവനക്കാരുടെ ആശ്വാസ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് അഞ്ച് കോടി രൂപ വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും അനുകൂലിക്കുന്നു. ബഡ്ജറ്റിൽ ഓട്ടോറിക്ഷകൾക്ക് ഏർപ്പെടുത്തിയ നികുതി പിൻവലിച്ചത് സ്വാഗതാർഹമാണ്. കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന്

കർഷകർക്ക് പരിശീലനം നൽകണം. ദുർബല ജനവിഭാഗങ്ങളുടെ ഉന്നമനം മുൻനിർത്തി കാരുണ്യ ബനവലന്റ് സ്കീം, കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി, അനാഥക്കുട്ടികളെ ദത്തെടുക്കല്, കാൻസർ ബാധിതരായ പതിനെട്ട് വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ, ആശ്വാസ കിരണം, ഭൂരഹിതരില്ലാത്ത കേരളം തുടങ്ങി നിരവധി പദ്ധതികൾക്ക് ഈ ഗവൺമെന്റ് രൂപം നൽകുകയുണ്ടായി. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഐ.ടി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യതിലൂടെ രാജ്യത്തിന് മാതൃകയാകാൻ കേരളത്തിന് സാധിച്ചു. ഹയർ സെക്കണ്ടറി വിദ്യാലയങ്ങളില്ലാത്ത പഞ്ചായത്തുകളിലും കോളേജുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിലും അവ സ്ഥാപിക്കുന്നതിന് ഈ സർക്കാർ തീരുമാനിച്ചു. മലപ്പുറത്ത് വനിതാ കോളേജ് ആരംഭിക്കുവാനുള്ള തീരുമാനം സന്തോഷപ്രദമാണ്. ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ നിലവാരത്തെ സംബന്ധിച്ചും വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും പഠനം നടത്തുന്നതിനും ജനസംഖ്യാനുപാതികമായി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും അനുവദിക്കുന്നതിനും തീരുമാനമുണ്ടാകണം. അപ്ഗ്രേഡ് ചെയ്യപ്പെട്ട ആശുപത്രികളിൽ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കുന്നതിനും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം. പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി

ഉയർത്തുന്നതിനും കിടത്തിച്ചികിത്സ ഉൾപ്പെടെ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. എം.എല്.എ. ഫണ്ട് മൂന്നുകോടി രൂപയായും അസറ്റ് ഡെവലപ്മെന്റ് ഫണ്ട് എട്ടുകോടി രൂപയായും വർദ്ധിപ്പിക്കണം.

ശ്രീ. ആർ. രാജേഷ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. തൊഴിലില്ലായ്മ, വിലക്കയറ്റം അമിതമായ നികുതി ഭാരം, സംസ്ഥാനത്തിന്റെ പൊതുകടം ഇതൊന്നും പരിഹരിക്കുന്നതിന് ക്രിയാത്മക നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിലില്ല. തൊഴിൽ സാധ്യതയുള്ള കാർഷിക, വ്യാവസായിക മേഖലകളെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക പരിഷ്കരണത്തിന്റെ ഭാഗമായി സ്വകാര്യവത്കരണം ഇവിടെ നടപ്പിലാക്കുന്നത് സാമ്പത്തിക വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. നികുതി പിരിവിൽ കടുത്ത അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. ഊർജ്ജോത്പാദനത്തിന് പദ്ധതികളൊന്നുമില്ല. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് പെൻഷൻ ലഭിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യെ നിലനിർത്താൻ മറ്റ് നടപടികളൊന്നുമില്ല. ആലപ്പുഴ ജില്ലയെ സംബന്ധിച്ച് ബഡ്ജറ്റിൽ ഒരു പരാമർശം പോലുമില്ല. കുട്ടനാട് പാക്കേജ് നടപ്പാക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല പദ്ധതികളും പ്രാവർത്തികമാക്കിയിട്ടില്ല.

ശ്രീ. കെ. ശിവദാസൻ നായർ : ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

പത്തനംതിട്ട ജില്ലയിൽ ഗവൺമെന്റ് കോളേജ് അനുവദിച്ചതും പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി മെഡിക്കൽ കോളേജ് അനുവദിച്ചതും അയ്യങ്കാളിയുടെ പേരിൽ കോളേജ് അനുവദിച്ചതും മലപ്പുറം ജില്ലയിൽ വനിതാ കോളേജ് അനുവദിച്ചതും അഭിനന്ദനാർഹമാണ്. മാനസിക വെല്ലുവിളി നേരിടുന്ന 100 കുട്ടികളുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണെങ്കിലും 50 കുട്ടികളുള്ള സ്കൂളുകൾക്കുകൂടി എയ്ഡഡ് പദവി നൽകുന്നതിന് നടപടി സ്വീകരിക്കണം. ആശാ വർക്കർമാർ, അംഗൻവാടി ജീവനക്കാർ എന്നിവരുടെ വേതനം വർദ്ധിപ്പിച്ചു. പാർട്ട്ടൈം സ്വീപ്പേഴ്സിന്റെ വേതനം 6000 രൂപയായി വർദ്ധിപ്പിക്കണം. കാലടി സംസ്കൃത യൂണിവേഴ്സിറ്റിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്നതിനുവേണ്ടി എൽ.ഐ.സി.-യുമായി ചേർന്ന് ഒരു പാക്കേജ് പ്രഖ്യാപിച്ചത് എത്രയും വേഗം നടപ്പിലാക്കണം. ഓട്ടോറിക്ഷകളുടെ രജിസ്ട്രേഷൻ ഫീസും സഹകരണ മേഖലയിൽ 'ഗഹാന്' -ന് ഏർപ്പെടുത്തിയിരുന്ന ഫീസും പിൻവലിച്ചത് സ്വാഗതാർഹമാണ്. കേരളത്തിലെ സാധാരണക്കാരോടുള്ള പ്രതിബദ്ധത വെളിവാക്കുന്ന ബഡ്ജറ്റാണിത്.

<u>ശ്രീ. കോലിയക്കോട് എന്. കൃഷ്ണന് നായര്:</u> ഉപധനാഭ്യർത്ഥനകളെ

എതിർക്കുന്നു. ഈ ഗവൺമെന്റ് കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും മുഖമുദ്രയാണ്. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന പല പദ്ധതികളും അതിനോടനുബന്ധിച്ച് എടുത്ത തീരുമാനങ്ങളും ഈ സർക്കാർ നടപ്പാക്കിയിട്ടില്ല. വിലക്കയറ്റം നേരിടുന്നതിനുള്ള ഒരു പദ്ധതിയും ബഡ്ജറ്റിലില്ല. പി.എം.ജി.എസ്.വൈ.-യുടെ ഒരു പ്രവൃത്തിയും ഇവിടെ നടക്കുന്നില്ല. ടി.ബി.ജി. ആര്.ഐ.-യിലെ നിയമനം, പ്രൊമോഷൻ ഇവയിലെ അഴിമതി തടയുന്നതിന് നടപടി സ്വീകരിക്കണം. വാമനപുരത്ത് അനധികൃതമായി നടത്തുന്ന അന്തിച്ചന്ത നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കണം. കൃഷിഭൂമിയുടെ വിസ്തൃതിയും നെല്ല്, നാളികേരം എന്നിവയുടെ ഉത്പാദനവും ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. പി.എം.ജി.എസ്.വൈ-യിൽ പ്രഖ്യാപിച്ച പദ്ധതികളൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കെ.എസ്.ആര്.ടി.സി.-യുടെ കടബാധ്യത തീർക്കാനാവശ്യമായ തുക അനുവദിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : പതിമൂന്നാം ധനകാര്യ കമ്മീഷൻ ഫണ്ട്, നാഷണൽ ഫിഷറീസ് വെൽഫയർ ഫണ്ട് എന്നിവ മുഖേന ഇതുവരെ നിർമ്മിച്ചുകൊടുത്തിട്ടുള്ള 8073 വീടുകൾ കൂടാതെ ഹഡ്കോയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകളും ഈ

മാസംതന്നെ കൊടുക്കുന്നതാണ്. നബാർഡ്, സംയോജിത മത്സ്യഗ്രാമം പദ്ധതി എന്നിവ മുഖേന ധനസഹായം വിതരണം ചെയ്യുന്നതിനുള്ള ഭരണാനുമതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ ഇതുവരെയായി 684 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മുൻ എല്.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധനയ്ക്കായി എടുക്കുന്ന സാമ്പിൾ മദ്യത്തിന് വില നൽകുന്നതിനായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്) : കെ.എസ്.ആര്.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു പാക്കേജ് കൊണ്ടുവരാൻ ശ്രമിക്കുന്നതാണ്. പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന്റെ ഭാഗമായി 40 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പദ്ധതികൾക്ക് പ്രാധാന്യം നൽകിയിരിക്കുന്ന ബഡ്ജറ്റിൽ അത്യാവശ്യ കാര്യങ്ങൾക്ക് മാത്രമാണ് അധിക വിഹിതം നൽകിയിരിക്കുന്നത്. ചെലവ് നിയന്ത്രിക്കുന്നതും സാമൂഹ്യക്ഷേമ പെൻഷനുകൾ കൊടുത്തുതീർക്കുന്നതുമാണ്. സഭയുടെ പൊതുവികാരം പരിഗണിച്ച് എം-സാന്റിന്റെ വില വർദ്ധനവ് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെറിഫെഡിനെ സഹകരണാടിസ്ഥാനത്തിൽ പുന:സംഘടിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് പട്ടുനൂൽ വ്യവസായ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതാണ്. കാരുണ്യ ബെനവലന്റ് പദ്ധതിയിൻകീഴിൽ മംഗലാപുരത്തെ ആശുപത്രികൾകൂടി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എല്. എന്. ജി.-യുടെ 'വാറ്റ്' ഒഴിവാക്കുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. സ്പോർട്സിന് കൂടുതൽ പോയിന്റ് വാങ്ങുന്ന സ്കൂളിന് പാരിതോഷികം നൽകുന്നതിനായി ഒരു സ്കീം നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അയൽ സംസ്ഥാനങ്ങളും നിലവിലെ നികുതിനിരക്കുകളും പരിശോധിച്ച് സിഗററ്റിന് നികുതി നിരക്ക് നിശ്ചയിക്കുന്നതാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാര്, മന്ത്രിമാര്, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായനിർവ്വഹണം എന്ന IV-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായനികുതിയും വിൽപ്പനനികുതിയും എന്ന V-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവന

നിർമ്മാണം എന്ന XXIV- ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI- ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI- ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIX-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാഹനനികുതികൾ എന്ന IX-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥന 58-നെതിരെ 70 വോട്ടുകളോടെയും ജയിലുകൾ എന്ന XIII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ

സർവ്വീസുകളും എന്ന XIV-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥന 58-നെതിരെ 70 വോട്ടുകളോടെയും ക്ഷീരവികസനം എന്ന XXXII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ആം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-02, 2003-04, 2006-07, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## ചട്ടം 130 അനുസരിച്ചുള്ള ചർച്ച

## കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ആശങ്കകൾ

ശ്രീ. കോടിയേരി ബാലകൃഷ്ണന്: "കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ ജനങ്ങൾക്കിടയിൽ ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ സംബന്ധിച്ച് സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

കസ്തൂരിരംഗൻ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടതിനുശേഷം കേരളത്തിലെ മലയോര മേഖലയിലാകെ പ്രക്ഷുബ്ധമായ അന്തരീക്ഷം സംജാതമായിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിനെതിരെ സമരം നടത്തുന്നവരുടെ പേരിൽ പോലീസ് കേസ്സെടുത്ത് അവരെ സമരരംഗത്തുനിന്ന് പിന്തിരിപ്പിക്കാനുള്ള ശ്രമം നടത്തിവരുന്നു. വികസനത്തിനുവേണ്ടി പരിസ്ഥിതിയെ നശിപ്പിക്കുന്ന നിലപാടിനോട് യോജിക്കാൻ കഴിയില്ല. ഗാഡ്ഗില്, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസനത്തിന് സഹായകരമല്ല. കേന്ദ്ര സർക്കാർ 20-12-2013-ൽ പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണെന്ന മുഖ്യമന്ത്രിയുടെയും ഭരണകക്ഷിയുടെയും വാദങ്ങൾ ജനങ്ങളെ കബളിപ്പിക്കുന്നതാണ്. ഈ ഓഫീസ് മെമ്മോറാണ്ടം കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറയുന്ന

കാര്യങ്ങൾ അംഗീകരിച്ചുകൊണ്ടുള്ളതാണ്. ഇതുസംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിനുമുമ്പ് അതാത് സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം പരിഗണിക്കുമെന്നും പറയുന്നുണ്ട്. നവംബർ 13-ന് പുറപ്പെടുവിച്ചിട്ടുള്ള ഡയറക്ഷൻ നിലനിൽക്കുന്നുവെന്ന് ഹരിത ട്രൈബ്യൂണലിൽ 28-1-2014-ന് സംസ്ഥാനത്തിനുവേണ്ടി ഹാജരായ അഭിഭാഷകർ മൊഴി നൽകിയിരിക്കുന്നത് ജനങ്ങളിൽ പുതിയ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്. 1996-ലെ എൻവയോൺ മെന്റ് പ്രൊട്ടക്ഷൻ ആക്റ്റ് അനുസരിച്ച് കേന്ദ്ര സർക്കാർ കൊടുത്തിരിക്കുന്ന ഡയറക്ഷൻ നടപ്പാക്കിയില്ലെങ്കിൽ സംസ്ഥാനത്തെ ഏതൊരു ഉദ്യോഗസ്ഥനെയും അഞ്ച് വർഷത്തേയ്ക്ക് ശിക്ഷിക്കാനുള്ള അവസ്ഥ വന്നിരിക്കുന്നതിനാൽ സംസ്ഥാനത്തെ ഉദ്യോഗസ്ഥർ ഇതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇതുപ്രകാരം സർക്കാർ ഭൂമി സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ പാടില്ലെന്നതിന്റെ ഫലമായി ഇടുക്കി ജില്ലയിലെ പട്ടയവിതരണം പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് കൈവശരേഖ നൽകാൻ കഴിയില്ലെന്നുമാത്രമല്ല, ആദിവാസികൾക്ക് നൽകിയ ഭൂമി തിരിച്ചെടുക്കാൻ സാധിക്കുന്ന വിധത്തിലുള്ള ഡയറക്ഷൻസാണ് ഇപ്പോൾ വന്നിരിക്കുന്നത്. ഈ ഡയറക്ഷൻസ് ബാധകമാകുന്ന സംസ്ഥാനത്തെ 123 വില്ലേജുകളിൽ യാതൊരു വിധത്തിലുമുള്ള വിപുലീകരണ പ്രവർത്തനങ്ങളും നടത്താൻ കഴിയില്ല. ഫലപ്രദമായ ബദൽ

സംവിധാനമില്ലാതെ കെമിക്കൽ ഫെർട്ടിലൈസറിന്റെ ഉപയോഗം സമ്പൂർണ്ണമായി നിരോധിക്കുന്നത് കാർഷിക മേഖലയിലെ ഉല്പാദന ക്ഷമത കുറയ്ക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സസ്യ എണ്ണ ഉത്പാദനം, മാംസവിപണനം, കാർഷിക അധിഷ്ഠിത വ്യവസായം, ആശുപത്രികൾ, സിമന്റ് വ്യവസായം തുടങ്ങിയവയൊന്നും പരിസ്ഥിതിലോല മേഖലയിൽ തുടങ്ങാൻ കഴിയില്ല. മലബാർ സിമന്റ് ഫാക്ടറി അടച്ചുപൂട്ടേണ്ടി വരും. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന സമീപനവുമായി മുന്നോട്ടുപോകുമ്പോൾ കൃഷിക്കാർക്ക് അർഹമായ സാമ്പത്തിക സഹായം പ്രഖ്യാപിക്കാൻ തയ്യാറാകണം. പശ്ചിമഘട്ടമേഖലയിൽ ഉൾപ്പെട്ടിട്ടുള്ളത് കേരളത്തിലെ 123 വില്ലേജുകൾ മാത്രമാണ് എന്ന വാദഗതി ഉന്നയിക്കുന്നവരുണ്ട്. എന്നാൽ കേരളത്തിലെ 27 ലക്ഷം ജനങ്ങളും അധിവസിക്കുന്നത് ഈ മേഖലയിലാണെന്നതാണ് വസ്തുത. ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ചേർത്ത് കേരളത്തിന്റെ ഇ.എസ്.എ. പ്രഖ്യാപിച്ചു എന്നുള്ളതാണ് ആപൽക്കരമായ പ്രശ്നം. പരിസ്ഥിതി ശാസ്ത്രജ്ഞനായ പ്രൊഫ. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും ബഹിരാകാശ ശാസ്ത്രജ്ഞനായ കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടും പരിശോധിച്ചാൽ മാനുഷിക-പരിസ്ഥിതി ബന്ധം സംബന്ധിച്ച കാഴ്ചപ്പാടില്ലാത്തതും ഉദ്യോഗസ്ഥ മേധാവിത്വമുള്ളതും ജനാധിപത്യ വീക്ഷണമില്ലാത്തതുമാണെന്ന് കാണാൻ കഴിയും. പശ്ചിമഘട്ട പ്രദേശത്ത് അധിവസിക്കുന്ന ജനങ്ങളെ

വിശ്വാസത്തിലെടുത്തെങ്കിൽ മാത്രമേ പരിസ്ഥിതി സംരക്ഷണം വിജയിക്കുക യുള്ളൂ. പരിസ്ഥിതി സംരക്ഷണത്തിന്റെ പേരുപറഞ്ഞ് ജനവാസം ഇല്ലാതാക്കുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ ജനങ്ങൾ അംഗീകരിക്കുകയില്ല. ശാസ്ത്രജ്ഞർ, പരിസ്ഥിതി വിദഗ്ദ്ധർ, കർഷക നേതാക്കൾ, വിവിധ രാഷ്ട്രീയ വീക്ഷണങ്ങളുള്ളവർ എന്നിവരെ ഉൾപ്പെടുത്തി ഒരു പുതിയ കമ്മിറ്റി രൂപീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നതുവരെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കരുത്. മലയോര മേഖല യുദ്ധക്കളമാക്കി മാറ്റാൻ പാടില്ല. മലയോര കർഷകരുടെ പേരിൽ കേസെടുത്ത് ജയിലിലടയ്ക്കുന്ന പരിപാടി ഉപേക്ഷിക്കണം. ഇത്രയും ഗൗരവതരമായ പ്രശ്നത്തിൽ സഭയുടെ അഭിപ്രായ സമന്വയമുണ്ടായാൽ മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. റിപ്പോർട്ടുകളുടെ മറവിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ നിർത്തിവയ്ക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. പാലോട് രവി: കർഷകരുടേയും ജനങ്ങളുടേയും ആശങ്ക പൂർണ്ണമായും അകറ്റാൻ കഴിയണം. പ്രകൃതിയില്ലാതെ കർഷകനില്ല. പ്രകൃതിയെ സംരക്ഷിക്കുന്നത് കർഷകരാണ്. കക്ഷിരാഷ്ട്രീയ ഭേദമെന്യേ യോജിച്ചുനിന്ന് കേരളത്തിലെ മലയോര കർഷകരുടെ ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണം. കർഷകരെ ദ്രോഹിച്ചുകൊണ്ടുള്ള നടപടിക്ക് ഒരു ഭരണകൂടവും കൂട്ടുനിൽക്കില്ല. മണ്ണിനെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന കർഷകർ

പ്രകൃതി ദ്രോഹികളാണെന്ന് സ്ഥാപിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ അംഗീകരിക്കാൻ കഴിയില്ല. നൂറ്റാണ്ടുകൾക്കുമുമ്പ് മലയാള മണ്ണിൽനിന്ന് പ്രകൃതി സംരക്ഷണ മുദ്രാവാക്യം വിളിച്ച നമ്മുടെ കർഷകർ പ്രകൃതിയുടേയും മണ്ണിന്റേയും പരിസ്ഥിതിയുടേയും സംരക്ഷകരും നാടിന്റെ സാമ്പത്തിക-ഭക്ഷ്യസുരക്ഷ കാക്കുന്നവരുമാണ്. ഏലം, കാപ്പി, തേയില എന്നീ വിളകളുടെ മറവിൽ കേരളത്തിന്റെ പശ്ചിമഘട്ട മലനിരകൾ കൈവശപ്പെടുത്താനുള്ള സാഹചര്യം ഉണ്ടാകാനിടവരരുത്. കസ്തൂരിരംഗൻ റിപ്പോർട്ട് അംഗീകരിക്കാൻ കഴിയുന്നതല്ല. കർഷക സമൂഹത്തിനും തൊഴിലാളി പ്രസ്ഥാനങ്ങൾക്കും മുൻതൂക്കം കൊടുത്തിട്ടുള്ള സംസ്ഥാനം എന്ന നിലയിൽ ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണം. സമ്പന്നമായ കേരളത്തെ ബയോ ഡൈവേഴ്സിറ്റി ഗോൾഡ് സ്പോട്ടാക്കി മാറ്റിയിരിക്കുകയാണ്. കേരളം പ്രകൃതിയുടെ വരദാനവും ജനസാന്ദ്രത കൂടിയ സംസ്ഥാനവുമാണ്. പരിസ്ഥിതിബോധനവും പ്രകൃതിസംരക്ഷണവും നടത്താൻ ഗ്രാമതലങ്ങളിൽ ബഹുജനസംഘടനകൾ ശക്തമായ നേതൃത്വം നല്കുന്നുണ്ട്. മാധവ് ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പിലാക്കുന്ന കാര്യത്തിലുണ്ടായിട്ടുള്ള ആശങ്ക അകറ്റാൻ കഴിയണം. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഭരണകൂടം പ്രതിജ്ഞാബദ്ധമാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: പരിസ്ഥിതിലോല പ്രദേശമായി

പ്രഖ്യാപിച്ച 123 വില്ലേജുകളിലായി അധിവസിക്കുന്ന 27 ലക്ഷം ആളുകളിൽ 15 ലക്ഷം പേരും ഇടുക്കി ജില്ലയിലാണ്. ഗ്രീൻ ട്രൈബ്യൂണലിൽ ഹാജരായ അഡ്വക്കേറ്റ് പറഞ്ഞത് കസ്തൂരിരംഗൻ റിപ്പോർട്ട് മാത്രമേ സർക്കാരിന്റെ പരിഗണനയിലുള്ളൂ എന്നാണ്. സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് കസ്തൂരി രംഗൻ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. 1490 കിലോമീറ്റർ നീളവും 48 മുതൽ 210 കിലോമീറ്റർ വിസ്തൃതിയും ഉള്ള പശ്ചിമഘട്ടത്തിന്റെ നിലനില്പ്, 28 കോടി ജനങ്ങളുടെ നിലനില്പിന് മാത്രമല്ല, ഭൂമിയിൽ നിലനില്ക്കുന്ന സൂക്ഷ്മജീവികൾ മുതൽ കരയിലും കടലിലുമുള്ള ജീവികൾക്കും ഭൂമിയുടേയും നിലനില്പിനും അനിവാര്യമാണ്. പ്രകൃതിയുടെ നിലനില്പിന് മനുഷ്യന്റെ സേവനം ആവശ്യമില്ലെന്നും മനുഷ്യന്റെ നിലനില്പ്പിന് പ്രകൃതിയുടെ സേവനം ആവശ്യമാണെന്നുമുള്ളതാണ് യാഥാർത്ഥ്യം. മാധവ് ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ കോലാഹലങ്ങൾക്കും തർക്കങ്ങൾക്കും വഴിവച്ചുവെങ്കിലും പൊതുസമൂഹം ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറായി എന്നത് ഏറെ സന്തോഷകരമാണ്. നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് വനവും പരിസ്ഥിതിയും സംരക്ഷിക്കപ്പെടേണ്ടത് എന്ന ആശയം മറന്നുപോകരുത്. പശ്ചിമഘട്ടത്തിൽ നിയമപ്രകാരം ജീവിക്കുന്ന ആളുകൾക്ക് പട്ടയം നൽകാനുള്ള സമീപനമുണ്ടാകണം. രണ്ട് റിപ്പോർട്ടുകളിലേയും അപ്രായോഗികവും ജനദ്രോഹപരവുമായ നിർദ്ദേശങ്ങൾ ഒഴിവാക്കണം. കൃഷിക്കാരെ ഉപദ്രവിക്കുന്ന

സമീപനങ്ങളിൽനിന്നും പിൻവാങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. പശ്ചിമ ഘട്ടത്തിൽ ജീവിക്കുന്ന ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പദ്ധതികളായിരിക്കണം നടപ്പിലാക്കേണ്ടത്.

<u>ശ്രീ. സി. മോയിൻകുട്ടി:</u> തിരുവമ്പാടി മണ്ഡലത്തിലെ ജനങ്ങളുടെ ഭീതി അകറ്റാൻ നടപടികളുണ്ടാകണം. ഗ്രാമപഞ്ചായത്തുകളെ വിശ്വാസത്തിലെടുത്തു കൊണ്ടുമാത്രമേ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കു എന്ന് പറഞ്ഞെങ്കിലും വിജ്ഞാപനം പുറത്തുവന്നതോടെ സംഘർഷങ്ങളുണ്ടാകുകയും പാവപ്പെട്ട കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന അവസ്ഥയുമാണ് നിലനിൽക്കുന്നത്. കർഷകരെ അറസ്റ്റ് ചെയ്യുന്നതിനെതിരെ നടപടികളു ണ്ടാകണം. ക്രയവിക്രയത്തിനും വീട് വയ്ക്കുന്നതിനും സാധിക്കാതെ ആത്മഹത്യയുടെ വക്കിലെത്തിയ കർഷകരെ രക്ഷിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കണം. കർഷകനെ കുടിയിറക്കുന്ന സമീപനങ്ങൾക്കെ തിരായി സഭ ഒറ്റക്കെട്ടായി ശബ്ദമുയർത്തണം.

<u>ശ്രീ. ജോസ് തെറ്റയില്:</u> രണ്ട് ഫോറസ്റ്റ് ഡിവിഷനുകളുടെ കീഴിൽ വരുന്ന അങ്കമാലി നിയോജകമണ്ഡലത്തിനോട് ചേർന്നുള്ള പ്രദേശത്തെ ജനങ്ങളുടെ ആശങ്ക നിസ്സാരമല്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ ദീർഘവീക്ഷണമില്ലായ്മ പ്രതിഫലിക്കുന്നുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനായി നിലവിൽ കേന്ദ്ര-സംസ്ഥാന നിയമങ്ങൾ ധാരാളമുള്ളതിനുപുറമേയാണ് പശ്ചിമഘട്ട

സംരക്ഷണത്തിനായി ഗാഡ്ഗിൽ റിപ്പോർട്ട് വന്നിട്ടുള്ളത്. മലയോര വാസികളുടെ കൂട്ടപാലായനം തടയാനും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനെതിരെയുള്ള ആശങ്ക അകറ്റാനും സംസ്ഥാന സർക്കാരിനു കഴിഞ്ഞിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ഇടയ്ക്കിടെയുള്ള പ്രസ്താവനകളും നോട്ടിഫിക്കേഷനുകളും റവന്യൂ-ഫോറസ്റ്റ് വകുപ്പിന്റെ നടപടികളും കൂടുതൽ ആശങ്കകൾ സൃഷ്ടിക്കുന്നു. ബഫർ സോൺ നിശ്ചയിക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ല. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുമുമ്പ് ജനങ്ങളുടെ ബുദ്ധിമുട്ടുകൾക്ക് മുൻതൂക്കം നൽകണം. പരിസ്ഥിതിയോടൊപ്പം ജനങ്ങളുടെ സംരക്ഷണവുമുണ്ടാകണം. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു മുമ്പിൽ ശരിയായ രീതിയിൽ വിഷയം അവതരിപ്പിക്കണം.

<u>ശ്രീ. എ. എ. അസീസ്</u>: ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള ആശങ്കകൾ പരിഹരിക്കാനായി നിയോഗിച്ച കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ യാതൊരു ആശങ്കയ്ക്കും വകയില്ലെന്ന് മുഖ്യമന്ത്രി സഭയ്ക്ക് അകത്തും പുറത്തും ഉറപ്പ് നൽകിയെങ്കിലും കേന്ദ്രനേതാക്കളുടെ കടകവിരുദ്ധമായ പ്രസ്താവനകൾ മലയോര മേഖലകളിൽ വളരെയധികം ആശങ്കയും പ്രക്ഷോഭങ്ങളും ഉണ്ടാക്കാനിടയായിട്ടുണ്ട്. അതിനാൽ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് യോജിച്ച തീരുമാനമെടുത്ത് കേന്ദ്ര സർക്കാരിനെ അറിയിക്കണം.

<u>ശ്രീ പി. സി. ജോർജ്:</u> കസ്തൂരിരംഗന്-ഗാഡ്ഗിൽ റിപ്പോർട്ടുകൾ സംസ്ഥാനത്തിന് ആവശ്യമില്ല. പശ്ചിമഘട്ട മേഖല ഉൾപ്പെടുന്ന ആറു സംസ്ഥാനങ്ങളെ സംരക്ഷിക്കുന്നതിന് എടുത്ത കേന്ദ്ര സർക്കാരിന്റെ നിലപാട് ശരിയല്ല. ദേശീയ ശരാശരിയേക്കാൾ കൂടുതൽ വനം കേരളത്തിലുണ്ടായിട്ടും അപ്രായോഗിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് ശരിയല്ല. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്തുകളെ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയായിട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ മുഖ്യമന്ത്രിക്ക് പിന്തുണ നൽകി കേന്ദ്രത്തിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ സാധിക്കണം.

<u>ശ്രീ. വി. ചെന്താമരാക്ഷന്</u>: ഗാഡ്ഗിൽ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുന്നതിനായി നിയോഗിച്ച കസ്തൂരിരംഗൻ റിപ്പോർട്ട് സംസ്ഥാനത്ത് ഗുരുതരമായ സ്ഥിതിവിശേഷമുണ്ടാക്കുകയും പൊതുസമൂഹം ശക്തമായ എതിർപ്പ് രേഖപ്പെടുത്തുകയും ചെയ്തു. പശ്ചിമഘട്ട മലനിരകളിലെ നാചറൽ ലാൻഡ് സ്കേപ്പിന്റെ പരിധിയിൽ 123 വില്ലേജുകൾ വരുന്നതും ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന രീതിയിൽ ഇ.എസ്.എ., ബഫർ സോൺ എന്നിവ കണക്കാക്കുന്നതും ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും. നൂറിൽ താഴെ ജനവാസമുള്ള പ്രദേശങ്ങളെ പരിഗണിക്കുന്നതിനുപകരം ജനസാന്ദ്രത കൂടുതലുള്ളതും പ്രധാനപ്പെട്ട ഡാം, റോഡ് എന്നിവയുള്ള പ്രദേശങ്ങളെയുമാണ് ഇ.എസ്.എ.-ൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ റിപ്പോർട്ട് നടപ്പിലാക്കിയാൽ പരിസ്ഥിതി ലോല പ്രദേശങ്ങളായി കണക്കാക്കിയിട്ടുള്ള സ്ഥലങ്ങളിലെ വ്യവസായവും കൃഷിയും നശിക്കുകയും ജനവാസം ഇല്ലാതാകുകയും ചെയ്യും. ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനാവശ്യമായ സമീപനം സ്വീകരിക്കണം.

ശ്രീ. എം. വി. ശ്രേയാംസ് കുമാര്: പരിസ്ഥിതിയേയും കർഷകരേയും സഹായിക്കാത്ത അശാസ്ത്രീയമായ കസ്തൂരിരംഗൻ റിപ്പോർട്ട് തള്ളിക്കളയണം. അനധികൃത ക്വാറികള്, വനം കൊള്ള, മണൽ വാരൽ എന്നിവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തണം. കർഷകരെ കുടിയിറക്കാത്ത രീതിയിൽ പശ്ചിമഘട്ടം സംരക്ഷിക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യണം. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ തെർമൽ പ്ലാന്റുകള്, കാറ്റഗറി (1)-ൽപ്പെട്ട വ്യവസായങ്ങള്, ആശുപത്രികൾ എന്നിവ ഉണ്ടാകാൻ പാടില്ലെന്ന് പറയുന്നത് ശരിയല്ല. ഹസാർഡസ് വേസ്റ്റ് ആക്ട് കൃത്യമായി നടപ്പിലാക്കുമെന്ന ഉറപ്പുകൊടുക്കുകയാണെങ്കിൽ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ആശുപത്രി സ്ഥാപിക്കുന്നതിന് ഇളവ് കിട്ടുന്നതാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ നല്ലവശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കർഷകരുടെ ആശങ്കകൾ ദൂരീകരിക്കണം. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് ഭൂമിയുടെ കൈവശാവകാശ രേഖ നൽകണം. ആവാസ വ്യവസ്ഥ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രന്</u>: പ്രമേയത്തെ അനുകൂലിക്കുന്നു. പരിസ്ഥിതി ലോല പ്രദേശങ്ങളായി മലയോരങ്ങൾ മാറിയിരിക്കുകയാണ്. കസ്തൂരിരംഗൻ കമ്മിറ്റിക്കു മുമ്പിൽ കേരളത്തിലെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. ആവാസ വ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിക്കണം. കേരളത്തിലെ കർഷകരുടെ ആശങ്കയകറ്റാനുള്ള സമീപനം സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണം.

<u>ശ്രീ. എന്. ഷംസുദ്ദീന്</u>: കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം പാലക്കാട് ജില്ലയിലെ 6 വില്ലേജുകൾ പൂർണ്ണമായും പരിസ്ഥിതിലോല പ്രദേശമായി മാറിയിരിക്കുന്നതുമൂലം പ്രസ്തുത സ്ഥലത്തെ ജനജീവിതം ദുസ്സഹമാകുകയും അവർക്ക് കുടിയിറങ്ങേണ്ട സാഹചര്യമുണ്ടാകുകയും ചെയ്തിരിക്കുകയാണ്. അട്ടപ്പാടി വനങ്ങൾ സംരക്ഷിത മേഖലയും വന്യജീവി സങ്കേതങ്ങൾക്കുചുറ്റും ഇ.എസ്.ഇസഡ്.-ഉം ഉള്ളതുകൊണ്ട് വനം സംരക്ഷിക്കാൻ സാധിക്കുമെന്നുള്ള തിനാൽ പ്രസ്തുത വില്ലേജുകളെ പുതിയ നിയന്ത്രണങ്ങളിൽനിന്നും മാറ്റണം. വനമുണ്ടെന്ന കാരണത്താൽ വില്ലേജിനെ പരിസ്ഥിതിലോല മേഖലയാക്കുന്ന തിനെ ന്യായീകരിക്കാൻ കഴിയില്ല. ഇ.എസ്.എ. ആയി പ്രഖ്യാപിക്കുന്നതിനു വേണ്ടി കേരളത്തിലെ മാത്രം ജനസാന്ദ്രത കണക്കാക്കുകയും ഭൂ വിസ്തൃതിയിൽ നിന്നും വനമേഖലയെ ഒഴിവാക്കുകയും ചെയ്യണം.

<u>ശ്രീ. എസ്. രാജേന്ദ്രന്</u>: പ്രമേയത്തെ അനുകൂലിക്കുന്നു. കസ്തൂരിരംഗൻ

റിപ്പോർട്ട് നടപ്പിലാക്കുന്നതിൽനിന്നും ജനവാസ കേന്ദ്രങ്ങളേയും കൃഷിയിടങ്ങളേയും പൂർണ്ണമായും ഒഴിവാക്കണം. കർഷക വിരുദ്ധ നിർദ്ദേശങ്ങൾ ഒഴിവാക്കണം. ഇടുക്കി ജില്ലയിലുള്ളവർ പൂർണ്ണമായും കൈയേറ്റക്കാരാണെന്ന് പ്രചരിപ്പിക്കുകവഴി കർഷകരെ കുടിയിറക്കി ഇടുക്കി ജില്ലയെ പൂർണ്ണമായും വനമേഖലയാക്കി മാറ്റിത്തീർക്കാനുള്ള ബാഹ്യശക്തികളുടെ ശ്രമത്തിന്റെ ഭാഗമായാണ് ഇത്തരം റിപ്പോർട്ടുകൾ വരുന്നത്. ഇത്തരം ബാഹ്യശക്തികൾ ഇടുക്കി ജില്ലയിലെ കർഷകർക്ക് കൊടുത്ത പട്ടയം ഇല്ലാതാക്കുവാനുള്ള നിലപാട് റവന്യൂ, വനം വകുപ്പുകളെക്കൊണ്ട് എടുപ്പിക്കുകയാണ്. ആദിവാസി കോളനികളിൽനിന്നും ആളുകളെ ഒഴിപ്പിക്കുവാൻ ബോധപൂർവ്വമായ നിലപാട് വനപാലകർ സ്വീകരിക്കുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കി ക്കഴിഞ്ഞതുപോലെയാണ് കാര്യങ്ങൾ നടക്കുന്നത്. ഇത് സംബന്ധിച്ച് 2013 നവംബർ മാസത്തിൽ കേന്ദ്ര സർക്കാർ ഇറക്കിയ ഉത്തരവ് പിൻവലിപ്പിക്കാൻ സർക്കാരിന് സാധിക്കണം. നിലവിലുള്ള രണ്ട് റിപ്പോർട്ടുകളും തള്ളിക്കളഞ്ഞുകൊണ്ട് പശ്ചിമഘട്ട സംരക്ഷണത്തിനായി ഒരു പുതിയ സമിതി രൂപീകരിക്കണം.

<u>ശ്രീ. സണ്ണി ജോസഫ്</u>: കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ 123 വില്ലേജുകളെ ഇ.എസ്.എ.-ൽ ഉൾപ്പെടുത്തിയത് പ്രതിഷേധാർഹമാണ്. കേരളത്തിലെ വനഭൂമിയുടെ വിസ്തൃതി അഖിലേന്ത്യാ ശരാശരിയേക്കാൾ

കൂടുതലാണെന്നും പശ്ചിമഘട്ട മലനിരകളുടെ ഉയരം മറ്റുസംസ്ഥാനങ്ങളേക്കാൾ കേരളത്തിൽ കുറവാണെന്നുമുള്ള സവിശേഷതകൾ മനസ്സിലാക്കാതെയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. അതിനാൽ കസ്തൂരി രംഗൻ റിപ്പോർട്ടിൽ കേരളത്തിന്റെ കാര്യത്തിൽ ഇ.എസ്.എ. നിർണ്ണയത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനോ പുതിയ കമ്മീഷനെ നിയമിക്കുന്നതിനോ ഭരണ നേതൃത്വത്തിന്റെ മുന്നിലും കോടതിയിലും പ്രത്യേകം വാദിക്കാൻ കഴിയണം. ഗ്രീൻ ട്രൈബ്യൂണലിലെ കേസ് സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ വാർത്തകളാണ് പ്രചരിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെയും കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരുടെയും ഇടപെടൽമൂലം 2013 ഡിസംബർ 20-ന് ഒരു ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും അഭിപ്രായങ്ങൾ കേട്ടതിനുശേഷം മാത്രമേ ഇ.എസ്.എ. ഫൈനലായി നിശ്ചയിക്കുകയുള്ളൂവെന്നും ഭൂമിയുടെ കൈവശാവകാശവും കൃഷി ചെയ്യുന്നതിനുള്ള അവകാശവും കൃഷിക്കാരിൽ നിക്ഷിപ്തമാണെന്നും ക്വാറിയിംഗ് ഉൾപ്പെടെ നിയമാനുസൃതം നടത്തുന്ന കാര്യങ്ങൾ തുടരാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനം നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് കർഷക താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് അതിരുകൾ നിശ്ചയിക്കുന്നതിൽ ഒരുമിച്ചുനിൽക്കണമെന്ന അഭിപ്രായത്തോട് യോജിക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: പ്രമേയത്തെ അനുകൂലിക്കുന്നു. മലയോര മേഖലയിലെ ജനങ്ങൾ ഇപ്പോൾ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുകയാണ്. കേന്ദ്ര വനനിയമത്തിൽ മലയോരമേഖലയിലെ കർഷകരുടെ ഭൂമിയെ ഉൾപ്പെടുത്തി അന്തിമവിജ്ഞാപനം വന്നുകഴിഞ്ഞാൽ സ്വാഭാവികമായും മലയോരനിവാസികൾ കുടിയിറങ്ങേണ്ടിവരും. ഇതുസംബന്ധിച്ച് ഇറക്കിയ ഓഫീസ് മെമ്മോറാണ്ടം അനുസരിച്ച് വീടുവയ്ക്കുന്നതിനും ഗതാഗതമുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യ വികസനങ്ങൾക്കും ക്ലിയറൻസ് വാങ്ങേണ്ടിവരും. ഇരുനൂറിലധികം വില്ലേജുകളെ ഇത് ബാധിക്കുമെന്നതിനാൽ ഗ്രാമസഭകളൊന്നും ഈ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിന് അനുകൂലമല്ല. മറ്റ് സംസ്ഥാനങ്ങളിൽ ഇ.എസ്.എല്.-ന്റെ ഏരിയ കുറച്ചപ്പോൾ കേരളത്തിൽ ഇ.എസ്.എല്.-ന്റെ ഏരിയ കൂട്ടിയിരിക്കുന്നതുവഴി കേരളത്തോട് വിവേചനം കാണിച്ചിരിക്കുകയാണ്. കേവലം ഒരു പെയ്ഡ് റിപ്പോർട്ടാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഇ.എസ്.എൽ പ്രദേശങ്ങളിൽ ഹൈഡൽ പ്രോജക്ടുകൾ നിയന്ത്രിച്ചിരിക്കുകയാണ്. ശബരിമല, നിലയ്ക്കൽ തുടങ്ങിയ സ്ഥലങ്ങൾ ഇ.എസ്.എല്-ൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ലോക് സഭ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനുമുമ്പ് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: യാഥാർത്ഥ്യങ്ങൾ അംഗീകരിക്കണം.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ പ്രതിഷേധം ഉയർന്നപ്പോൾ കേന്ദ്ര ഗവൺമെന്റ് കസ്തൂരി രംഗൻ കമ്മിറ്റിയെ നിയമിച്ചു. ആ റിപ്പോർട്ടിലും മാറ്റങ്ങൾ വേണമെന്നുള്ളത് യാഥാർത്ഥ്യമാണ്. ഗാഡ്ഗിൽ റിപ്പോർട്ടിൽ കേരളത്തിലെ ഭൂരിപക്ഷം പഞ്ചായത്തുകളും ഉൾപ്പെട്ടുവെങ്കിൽ കസ്തൂരി രംഗൻ റിപ്പോർട്ടിൽ 123 പഞ്ചായത്തുകളാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പശ്ചിമഘട്ടത്തിൽ പരിസ്ഥിതി അനുമതി കൊടുക്കണമെങ്കിൽ ഗാഡ്ഗിൽ ശുപാർശ അനുസരിച്ചായിരിക്കണമെന്ന് ഗ്രീൻ ട്രൈബ്യൂണൽ വിധിച്ച സാഹചര്യത്തിലാണ് കസ്തൂരി രംഗൻ റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിക്കുന്നുവെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞത്. ഫിസിക്കൽ വെരിഫിക്കേഷനില്ലാതെ റിമോട്ട് സെൻസിംഗ് അനുസരിച്ച് ചെയ്തപ്പോൾ റബ്ബർ എസ്റ്റേറ്റ് അടക്കമുള്ള സ്ഥലങ്ങൾ ഉൾപ്പെട്ടുവെന്നും ഒരു ചതുരശ്ര കിലോമീറ്ററിൽ 100 പേർ താമസിക്കുന്നുണ്ടെങ്കിൽ അത് ഉൾപ്പെടുത്തില്ല എന്നുമാണ് പറഞ്ഞിട്ടുള്ളത്. കേരളത്തിൽ അതിൽക്കൂടുതൽ ആളുകൾ താമസിക്കുന്നുണ്ടെന്നും 1-1-1977-ന് മുമ്പ് പട്ടയം കൊടുത്തിട്ടുള്ളതെല്ലാം കൃഷി ഭൂമിയായതിനാൽ ഒഴിവാക്കണമെന്നും ബഫർ സോൺ പാടില്ല എന്നും പറഞ്ഞ് പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സ്റ്റേറ്റ് ഗവൺമെന്റിന്റെ ആശങ്കകൾ പരിഗണിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. 31-1-2014-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെട്ട

ക്കുന്നതാണ്.

## ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): താഴെപ്പറയുന്ന സബ്സ്റ്റാന്റീവ് പ്രമേയം അവതരിപ്പിക്കുന്നു.-

"കസ്തൂരി രംഗൻ റിപ്പോർട്ട് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്കിടയിൽ ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ കണക്കിലെടുത്തുകൊണ്ട് പരിസ്ഥിതിലോല പ്രദേശങ്ങൾ(ESA) നിർണ്ണയിക്കുമ്പോൾ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും പൂർണ്ണമായും ഒഴിവാക്കണമെന്നും കർഷക വിരുദ്ധനിർദ്ദേശങ്ങൾ ഉപേക്ഷിക്കണമെന്നും സഭയുടെ പൊതുവികാരം മാനിച്ച് സംസ്ഥാന ഗവൺമെന്റ് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുമാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളാവൂ എന്നും ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു."

സബ്സ്റ്റാന്റീവ് പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

(സഭ വൈകുന്നേരം 5.59-ന് പിരിഞ്ഞു.

**************************